*Uncorrected/Not for publication*

*14-10-2026*

*Question Hour*

മി. സ്പീക്കർ: ഓർഡർ... ഓർഡർ.... ചോദ്യം നമ്പർ (*61)

**ഫിഷറീസ് സബ് പ്ലാൻ**

1(*61) ശ്രീ. ടി. എം. ശശി:
ശ്രീ. സജി ചെറിയാൻ:
ശ്രീ. സി. കെ. ഹരീന്ദ്രൻ:
ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2026-27 ഫിഷറീസ് സബ് പ്ലാനിൽ എത്ര രൂപ വകയിരുത്തുകയും ഭരണാനുമതി നൽകുകയും ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്; വിശദാംശം ലഭ്യമാക്കാമോ;

(ബി) ഏതെല്ലാം പദ്ധതികൾക്കാണ് സബ് പ്ലാനിൽ ഭരണാനുമതി നൽകിയിട്ടുള്ളതെന്ന് വിശദമാക്കാമോ;

(സി) ഭരണാനുമതി നൽകിയിട്ടില്ലെങ്കിൽ എന്നത്തേക്ക് പദ്ധതി നടപ്പാക്കാനാണ് ലക്ഷ്യമിടുന്നതെന്ന് വിശദമാക്കാമോ;

(ഡി) മുൻ വർഷം വകയിരുത്തിയ തുകയിൽനിന്നും എത്ര രൂപയുടെ കുറവാണ് നടപ്പ് വർഷത്തെ പദ്ധതി വിഹിതത്തിൽ ഫിഷറീസ് സബ് പ്ലാനിൽ വന്നിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

മത്സ്യബന്ധനം-സാമൂഹ്യനീതി വകുപ്പുമന്ത്രി (ശ്രീ. വി. ഇ. അബ്ദുൽ ഗഫൂർ): സർ, (എ) 2026-27 ഫിഷറീസ് വകുപ്പിന് അധികമായി സബ് പ്ലാനിൽ 50 കോടി രൂപ വകയിരുത്തുകയും 3 കോടി രൂപയ്ക്ക് 07-10-2026-ൽ കൂടിയ Department Working Group-ൽ അംഗീകാരം നൽകുകയും ചെയ്തിട്ടുണ്ട്. ആയതിന് ഭരണാനുമതി നൽകി തുക ചെലവഴിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) ഫിഷറീസ് സബ് പ്ലാനിലെ 50 കോടി രൂപ (5000 ലക്ഷം രൂപ) വിനിയോഗിക്കുന്നതിലേക്കായുള്ള പദ്ധതികൾ തിരിച്ചുള്ള വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു+. 2026-27-ൽ അവതരിപ്പിച്ച ബജറ്റിലെ പ്രധാന ശീർഷകങ്ങളിൽ അനുവദിച്ച തുക ബജറ്റിൽ കുറവായത്

---

\+ അനുബന്ധമായി ചേർത്തിട്ടുണ്ട്.

പരിശോധിച്ച് പ്രസ്തുത കുറവ് നികത്താൻ ഫിഷറീസ് സബ് പ്ലാനിൽ നിന്നുള്ള തുക കൂടി ചേർത്ത് ക്രമീകരിച്ചിട്ടുണ്ട്.

(സി) അവശേഷിക്കുന്ന തുക വിവിധ ഹെഡ്ഡുകളിലായി വകയിരുത്തുന്നതിനും പദ്ധതികൾ ഡിപ്പാർട്ട്മെന്റ് വർക്കിങ് ഗ്രൂപ്പിൽവച്ച് അംഗീകാരം ലഭ്യമാക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) മുൻ വർഷം സബ് പ്ലാൻ ഉണ്ടായിരുന്നില്ല. 2026-27 ബജറ്റിൽ ഫിഷറീസ് വകുപ്പിന് 315.11 കോടി രൂപ വകയിരുത്തിയിരുന്നു. മുൻ വർഷത്തെ തുകയായ 375.79-ൽ നിന്നും ആയത്, 60.68 കോടി രൂപ കുറവായ സാഹചര്യത്തിൽ പിന്നാക്കാവസ്ഥയിലുള്ള മത്സ്യത്തൊഴിലാളി സമൂഹത്തിന് പ്രയോജനപ്പെടുന്നതിലേക്കായി പദ്ധതി നിർവഹണത്തിൽ ഒരു ഫിഷറീസ് സബ് പ്ലാൻ ആവിഷ്കരിക്കുകയും 2026-27 സാമ്പത്തിക വർഷം 50 കോടി രൂപ വകയിരുത്തുകയും ചെയ്തിട്ടുണ്ട്.

<u>ശ്രീ. ടി. എം. ശശി</u>: സർ, തീരപ്രദേശത്ത് താമസിക്കുന്നവർക്ക് വീട് ഉറപ്പുവരുത്തുന്ന പദ്ധതിയായ പുനർഗേഹം പദ്ധതിയുടെ തുകയിൽ വെട്ടിക്കുറവ് വരുത്തിയതിനാൽ വീടുകളുടെ പണി പൂർത്തിയാക്കാൻ

കഴിഞ്ഞിട്ടില്ല. ഇത്തരം വീടുകൾ പൂർത്തീകരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ?

<u>ശ്രീ. വി. ഇ. അബ്ദുൽ ഗഫൂർ</u>: സർ, തുകയിൽ വെട്ടിക്കുറവ് വരുത്തിയിട്ടില്ല. പ്രവൃത്തി പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. ഇതിനാവശ്യമായ തുക ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

<u>ശ്രീ. ടി. എം. ശശി</u>: സർ, പീലിങ് വർക്കേഴ്സിന്റെ ആരോഗ്യ പ്രശ്നങ്ങൾക്ക് പരിഹാരമായി സർക്കാർ ബജറ്റിൽ പ്രഖ്യാപിച്ച പദ്ധതിക്ക് ഭരണാനുമതി നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര രൂപയുടേതാണ് പ്രസ്തുത പദ്ധതി; പദ്ധതി എന്നത്തേക്ക് ആരംഭിക്കാൻ കഴിയും?

<u>ശ്രീ. വി. ഇ. അബ്ദുൽ ഗഫൂർ</u>: സർ, സബ് പ്ലാനിൽ ഇതിനായി പ്രത്യേക പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. പദ്ധതിക്ക് ഭരണാനുമതി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

<u>ശ്രീ. സജി ചെറിയാൻ</u>: സർ, ഈ വർഷം ബജറ്റിൽ പ്രഖ്യാപിച്ചിട്ടുള്ള പദ്ധതികൾക്ക് പൊതുവായി ഭരണാനുമതി കൊടുത്തിട്ടില്ലെന്നാണ്

മനസ്സിലാകുന്നത്. ഫിഷറീസ് വകുപ്പിന്റെ ഏതെങ്കിലും പദ്ധതി ഈ പത്ത് മാസത്തിനുള്ളിൽ അല്ലെങ്കിൽ ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ഭരണാനുമതി നൽകിയിട്ടുണ്ടോ?

ശ്രീ. വി. ഇ. അബ്ദുൽ ഗഫൂർ: സർ, ഭരണാനുമതി നൽകിയിട്ടുണ്ട്. ഭരണാനുമതി നൽകുന്നതിനുള്ള തടസ്സങ്ങളൊന്നും ഇതുവരെ ഉണ്ടായിട്ടില്ല.

ശ്രീ. സി. കെ. ഹരീന്ദ്രൻ: സർ, കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് കേരളത്തിലെ ഏഴോളം വരുന്ന ശുദ്ധജല സംഭരണികളിൽ കേജ് ഫാമിങ് പദ്ധതി ആരംഭിച്ചിട്ടുണ്ട്. വലിയ ലാഭമാണ് അതിന് ലഭിച്ചത്. രാവിലെ വിളവെടുത്ത് കഴിഞ്ഞാൽ യു.കെ.-യിലേക്കാണ് കരിമീനും വരാലുമൊക്കെ കയറ്റി അയച്ചത്. നെയ്യാർ ശുദ്ധജല തടാകത്തിൽ കഴിഞ്ഞ സർക്കാരിലെ ഫിഷറീസ് വകുപ്പുമന്ത്രിയായിരുന്ന ശ്രീ. സജി ചെറിയാൻ ഉൾപ്പെടെ വന്ന് പ്രസ്തുത പദ്ധതിക്ക് രൂപം നൽകിയതാണ്. എന്നാൽ ഇപ്പോൾ രണ്ട് മൂന്ന് മാസമായി അവിടെ ഒഴിയുന്ന കൂടുകളിൽ കുഞ്ഞുങ്ങളെ ഇടുകയോ തീറ്റ നൽകുകയോ ചെയ്യുന്നില്ല. ഒരു കിലോഗ്രാമിന് 225/- രൂപയാണ് ഉൽപാദന ചെലവ് വരുന്നത്. 450/- രൂപയ്ക്കാണ് മത്സ്യം വിൽക്കുന്നത്. നല്ല ലാഭം

ലഭിക്കുന്ന ഈ കേജ് ഫാമിങ് തുടരാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ?

ശ്രീ. വി. ഇ. അബ്ദുൽ ഗഫൂർ: സർ, കേജ് ഫാമിങ് നിർത്തലാക്കാൻ തീരുമാനിച്ചിട്ടില്ല. അത് തുടരാൻ തന്നെയാണ് തീരുമാനം. വ്യക്തിഗതമായി എന്തെങ്കിലും പരാതിയുണ്ടെങ്കിൽ അത് പരിശോധിച്ച് നടപടി സ്വീകരിക്കാം.

ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: സർ, പുനർഗേഹം പദ്ധതിപ്രകാരം ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര കുടുംബങ്ങളെ തീരത്തുനിന്നും സുരക്ഷിത മേഖലയിലേക്ക് പുനരധിവസിപ്പിച്ചിട്ടുണ്ട്; ഇതിനായി നടപ്പു സാമ്പത്തിക വർഷം ചെലവഴിച്ച തുക എത്രയെന്ന് വിശദമാക്കാമോ; മത്സ്യബന്ധന നിരോധന കാലത്തും പ്രതികൂല കാലാവസ്ഥയിലും ഉപജീവന മാർഗം നഷ്ടപ്പെടുന്ന മത്സ്യത്തൊഴിലാളികൾക്ക് സമ്പാദ്യ സമാശ്വാസ പദ്ധതിയിലൂടെ നിലവിൽ നൽകിവരുന്ന സാമ്പത്തിക സഹായം വർധിപ്പിക്കുന്നതിനും

സമയബന്ധിതമായി വിതരണം ഉറപ്പുവരുത്തുന്നതിനും നടപടി സ്വീകരിക്കുമോ?

ശ്രീ. വി. ഇ. അബ്ദുൽ ഗഫൂർ: സർ, സമ്പാദ്യ സമാശ്വാസ പദ്ധതിയിൽ 1500/- രൂപയാണ് മൂന്ന് ഘട്ടങ്ങളായി കൊടുക്കുന്നത്. മത്സ്യത്തൊഴിലാളികളുടെ ഷെയറും സംസ്ഥാന സർക്കാരിന്റെയും കേന്ദ്ര സർക്കാരിന്റെയും വിഹിതങ്ങളായ 1500/- രൂപ വീതവുമാണ് അതിൽ ഉൾപ്പെടുന്നത്. പ്രസ്തുത തുക ഈ വർഷം പൂർണ്ണമായി വിതരണം ചെയ്തിട്ടുണ്ട്. അത് വർധിപ്പിച്ച് 2000/- രൂപയാക്കുന്നതിന് 2026 മാർച്ചിൽ കഴിഞ്ഞ സർക്കാർ അധികാരമൊഴിയുന്ന സമയത്ത് തീരുമാനിച്ചിരുന്നു. അതിൽ നടപടിക്രമങ്ങൾ സ്വീകരിച്ചുവരുന്നുണ്ട്. കേന്ദ്ര വിഹിതം നമുക്ക് ലഭിക്കുമോയെന്ന കാര്യത്തിൽ ഉറപ്പില്ല. എന്നാലും അക്കാര്യം പരിശോധിച്ചുവരികയാണ്.

ശ്രീ. ഫൈസൽ ബാബു: സർ, മത്സ്യത്തൊഴിലാളികൾ അധിവസിക്കുന്ന എന്റെ നിയോജകമണ്ഡലം ധാരാളം ടൂറിസ്റ്റുകൾ വരുന്ന സ്ഥലമാണ്. ഒരു ദിവസം പതിനായിരം മുതൽ ഇരുപത്തയ്യായിരം വരെ

ടൂറിസ്റ്റുകൾ വരുന്ന ഒരു തീരദേശമാണ് അത്. അവിടെ ടൂറിസ്റ്റുകളെക്കൂടി ആകർഷിക്കുന്ന തലത്തിൽ മൈനർ തുറമുഖത്തിന്റെ സാധ്യതയുണ്ടോ?

ശ്രീ. വി. ഇ. അബ്ദുൽ ഗഫൂർ: സർ, നിലവിലുള്ള ഹാർബറുകളിൽ ടൂറിസം സാധ്യതകൾ പ്രയോജനപ്പെടുത്താൻ കഴിയുമോ എന്ന കാര്യം പരിശോധിക്കാം. ടൂറിസത്തിനുവേണ്ടി പുതിയ ഹാർബർ ആരംഭിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല. നിലവിലുള്ള ഹാർബറുകളിൽ ടൂറിസം പ്രവർത്തനങ്ങൾ നടപ്പാക്കാൻ കഴിയുമോ എന്ന കാര്യം പരിശോധിക്കാം.

ശ്രീ. വി. മുരളീധരൻ: സർ, നമ്മുടെ രാജ്യത്തിന് വലിയ തോതിൽ വിദേശനാണ്യം നേടിത്തരുന്ന പ്രധാന മേഖലയാണ് മത്സ്യബന്ധന മേഖല. അതിന്റെ പ്രാധാന്യം തിരിച്ചറിഞ്ഞുകൊണ്ട് കേന്ദ്ര സർക്കാർ 2020-21 മുതൽ ബ്ലൂ റെവല്യൂഷൻ എന്ന പേരിൽ വലിയ വികസനപ്രവർത്തനങ്ങൾ സംഘടിപ്പിച്ചിട്ടുള്ളത്. അതിന്റെ ഭാഗമായി കഴിഞ്ഞ 5 വർഷങ്ങൾക്കിടയിൽ മത്സ്യ ഉൽപാദനവും കയറ്റുമതിയും വലിയ തോതിൽ വർധിച്ചിട്ടുണ്ട്. കേരളത്തിലും ഈ വർധനയുണ്ടായിട്ടുണ്ട്. പക്ഷെ, രാജ്യം മുഴുവൻ ഉണ്ടായിട്ടുള്ള വർധനവിന് ആനുപാതികമായ വർധനവ്

കേരളത്തിലുണ്ടായിട്ടില്ല. കഴിഞ്ഞ 5 വർഷത്തെ കണക്കുകൾ പരിശോധിക്കുമ്പോൾ കേരളത്തിലെ ഫിഷ് പ്രൊഡക്ഷൻ രാജ്യത്തിന്റെ ഫിഷ് പ്രൊഡക്ഷന്റെ 4.8 ശതമാനമായിരുന്നത് 4.69 ശതമാനമായി കുറഞ്ഞിട്ടുണ്ട്. സംസ്ഥാനത്തെ സീ ഫുഡ് കയറ്റുമതി 12.15 ശതമാനത്തിൽ നിന്ന് 11.12 ശതമാനമായി കുറഞ്ഞിട്ടുണ്ട്. കഴിഞ്ഞ 5 വർഷത്തിനിടയിൽ കേന്ദ്രസർക്കാരിൽ നിന്ന് കേരളത്തിന് ഏകദേശം 21,000 കോടി രൂപ ലഭിച്ചിട്ടുണ്ട്. കേന്ദ്ര സർക്കാരിന്റെ പ്രധാനമന്ത്രി മത്സ്യ സമ്പദാ യോജന (PMMSY) പദ്ധതി പ്രയോജനപ്പെടുത്തി മത്സ്യ ഉൽപാദനക്ഷമത വർധിപ്പിക്കാനും മൂല്യവർധിത ഉൽപന്നങ്ങൾക്ക് പ്രോത്സാഹനം നൽകാനും കയറ്റുമതി മത്സരാധിഷ്ഠിതമാക്കാനും മത്സ്യത്തൊഴിലാളികളുടെ വരുമാനം വർധിപ്പിക്കാനും ആവശ്യമായ എന്തൊക്കെ നടപടികൾ സ്വീകരിക്കാൻ കഴിയും എന്നുള്ളതിനെക്കുറിച്ച് സർക്കാർ ആലോചിച്ചിട്ടുണ്ടോ?

<u>ശ്രീ. വി. ഇ. അബ്ദുൽ ഗഫൂർ</u>: സർ, മത്സ്യ ഉൽപാദനം വർധിപ്പിക്കുന്നതിനുവേണ്ടിയുള്ള പുതിയ പദ്ധതികൾ സർക്കാരിന്റെ പരിഗണനയിലുണ്ട്. ഉൾനാടൻ മത്സ്യമേഖലയിൽ മത്സ്യ ഉൽപാദനം

ഇരട്ടിയാക്കുന്നതിനുവേണ്ടിയുള്ള പദ്ധതി അടുത്തുതന്നെ നടപ്പാക്കുന്നുണ്ട്. അതുപോലെ കേന്ദ്ര പദ്ധതികൾ ഉപയോഗിച്ചുകൊണ്ട് മത്സ്യ ഉൽപാദനം കൂട്ടുന്നതിനുവേണ്ടിയുള്ള, ബ്ലൂ എക്കോണമിയിൽപ്പെടുത്തി തന്നെ സബ് പ്ലാനിൽ 20 കോടി രൂപ അതിനുവേണ്ടി മാറ്റിവയ്ക്കാൻ ഉദ്ദേശിക്കുകയാണ്. അതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്കുവേണ്ടി ഉപയോഗിക്കുന്നതാണ്. അടുത്ത 5 വർഷത്തിൽ മത്സ്യ ഉൽപാദനം ഇപ്പോഴുള്ളതിനേക്കാൾ ഇരട്ടിയാക്കുന്നതിനുവേണ്ടിയുള്ള ശ്രമമാണ് നടക്കുന്നത്.

<u>ശ്രീ. ടി. വി. ഇബ്രാഹിം:</u> സർ, ബഹുമാനപ്പെട്ട മന്ത്രിയുടെ സാമൂഹ്യനീതി വകുപ്പുമായി ബന്ധപ്പെട്ട ഒരു ചോദ്യമാണ്. 2015-ൽ ഉമ്മൻചാണ്ടി സർക്കാരിന്റെ സമയത്ത് ഡോ. എം. കെ മുനീർ സാഹിബിന്റെ വകുപ്പിൽ ആരംഭിച്ച സി.ഡി.എം.ആർ.പി. (Community Disability Management and Rehabilitation Programme) എന്ന ഒരു പദ്ധതി ഉണ്ടായിരുന്നു. മാനസികവും ശാരീരികവുമായ വെല്ലുവിളികൾ നേരിടുന്ന ചെറുപ്പക്കാർക്ക് നൽകുന്ന സാന്ത്വനമായിരുന്നു ആ പദ്ധതി. സി.ഡി.എം.ആർ.പി. പദ്ധതി കാലിക്കറ്റ് യൂണിവേഴ്സിറ്റിയിൽ 2015-ൽ

ആരംഭിച്ചതാണ്. ഇന്ന് പുതിയ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സി.ഡി.എം.ആർ.പി. പദ്ധതി നിർത്തലാക്കുമെന്നും അതിന്റെ ഭാഗമായി പ്രവർത്തിക്കുന്ന ക്ലിനിക്കുകൾ നിർത്താൻ പോകുന്നുവെന്നും വ്യാപകമായി പ്രചരണമുണ്ട്. ഈ വിഷയത്തിൽ സർക്കാരിന്റെ നിലപാട് എന്താണെന്ന് വ്യക്തമാക്കാമോ?

ശ്രീ. വി. ഇ. അബ്ദുൽ ഗഫൂർ: സർ, സി.ഡി.എം.ആർ.പി. പദ്ധതി നിർത്തലാക്കാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നില്ല. ബഹുമാനപ്പെട്ട അംഗം ഉൾപ്പെടെ പങ്കെടുത്ത യോഗം ഇതുമായി ബന്ധപ്പെട്ട് ചേർന്നിരുന്നു. ചില സ്ഥലങ്ങളിൽ മാത്രം പുന:ക്രമീകരണം ആവശ്യമാണ് എന്നാണ് അന്ന് വിലയിരുത്തിയത്. ഈ പദ്ധതി നിർത്തലാക്കാതെതന്നെ ആവശ്യമായ പുന:ക്രമീകരണങ്ങളോടെ മുന്നോട്ടു കൊണ്ടുപോകുന്നതായിരിക്കും.

ശ്രീ. കുറുക്കോളി മൊയ്തീൻ: സർ, തീരദേശ മേഖല ഇപ്പോഴും വളരെ പിന്നാക്കമാണ്. അതിൽ വളരെ പിന്നിൽ നിൽക്കുന്നൊരു പ്രദേശമാണ് എന്റെ നിയോജകമണ്ഡലത്തിലെ വെട്ടം പഞ്ചായത്ത് ഉൾക്കൊള്ളുന്ന

തീരദേശ മേഖല. ഈ പ്രദേശത്തിന്റെ അഭിവൃദ്ധിക്കുവേണ്ടി ഇന്റഗ്രേറ്റഡ് മോഡൽ വില്ലേജായി ഉയർത്തി വികസനം സാധ്യമാക്കുമോ?

ശ്രീ. വി. ഇ. അബ്ദുൽ ഗഫൂർ: സർ, ഇന്റഗ്രേറ്റഡ് മോഡൽ വില്ലേജ് പ്രോജക്ടിൽ 9 പദ്ധതികളാണ് ഉണ്ടായിരുന്നത്. അത് ഏകദേശം ഡിസംബറിൽ പൂർത്തിയാകും. പുതിയ പദ്ധതികൾ ഡിസംബറിനുശേഷമാണ് ആവിഷ്കരിക്കുന്നത്. പുതിയ പദ്ധതികൾ ആവിഷ്കരിക്കുന്ന സമയത്ത് തീർച്ചയായും പരിഗണിക്കുന്നതാണ്.

ശ്രീ. ടി. ജെ. വിനോദ്: സർ, ആലപ്പുഴ, കൊല്ലം ജില്ലകളിലെ തീരദേശ മേഖലയിൽ മത്സ്യത്തൊഴിലാളികൾക്ക് അനുഭവപ്പെടുന്ന പ്രധാന പ്രശ്നമാണ് കടൽച്ചൊറി (Jelly fish). ടി മത്സ്യം ശരീരത്തിൽ തട്ടിയാൽ ദിവസങ്ങളോളം ചൊറിച്ചിലുണ്ടാകുമെന്നാണ് പറയപ്പെടുന്നത്. അതുമൂലം മത്സ്യബന്ധനത്തിന് വലിയ ബുദ്ധിമുട്ട് നേരിടുന്ന സാഹചര്യമാണുള്ളത്. ഇക്കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് പരിഹരിക്കാൻ എന്തെങ്കിലും നടപടി സ്വീകരിക്കുമോ?

<u>ശ്രീ. വി. ഇ. അബ്ദുൽ ഗഫൂർ</u>: സർ, ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചതുപോലെ ഇത് ഒരു പുതിയ പ്രശ്നമാണ്. നമുക്ക് ഇക്കാര്യത്തിൽ പഠനം നടത്തേണ്ടതുണ്ട്. ഈ വിഷയം തീർച്ചയായും പരിശോധിക്കുന്നതാണ്.

<u>ശ്രീ. പാറക്കൽ അബ്ദുല്ല</u>: സർ, 600 കിലോമീറ്ററിലധികം നീണ്ടുകിടക്കുന്ന വിശാലമായ കടൽ തീരവും കടലും പ്രയോജനപ്പെടുത്തി തുറമുഖങ്ങളെ കൂട്ടിച്ചേർത്ത് സംസ്ഥാനത്തെ തുറമുഖ നഗരമാക്കുമെന്ന് പ്രഖ്യാപിച്ച ഗവൺമെന്റാണ് കേരളം ഭരിക്കുന്നതെന്ന കാര്യം പ്രതീക്ഷ നൽകുന്നതാണ്. ലൈഫ് ഭവന പദ്ധതിയിൽ മത്സ്യത്തൊഴിലാളികൾക്ക് വീട് യഥാസമയം ലഭിക്കുന്നില്ലെന്ന പരാതി വ്യാപകമാണ്. ഇത് പരിഹരിക്കുന്നതിന് വകുപ്പുതലത്തിൽ മത്സ്യത്തൊഴിലാളികൾക്കായി ഒരു പ്രത്യേക ഭവന പദ്ധതിക്ക് രൂപം നൽകുന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

<u>ശ്രീ. വി. ഇ. അബ്ദുൽ ഗഫൂർ</u>: സർ, ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇക്കാര്യം കഴിഞ്ഞ ബജറ്റിൽ പ്രഖ്യാപിച്ചതാണ്. സബ് പ്ലാനിൽ ഉൾപ്പെടുത്തി

പ്രത്യേക ഭവന പദ്ധതി നടപ്പാക്കുന്നതിനാണ് സർക്കാർ ആലോചിക്കുന്നത്. നിലവിലുള്ള 'പുനർഗേഹം' ഉൾപ്പെടെയുള്ള പദ്ധതികൾകൂടി കൂട്ടിച്ചേർത്തുകൊണ്ട് അതൊരു കമ്പോണന്റാക്കി ഒറ്റ പദ്ധതിയാക്കി മാറ്റുന്നതിനാണ് സർക്കാർ ഉദ്ദേശിക്കുന്നത്. അതുപോലെതന്നെ വീടുകളുടെ നിർമ്മാണത്തിനാവശ്യമായ തുക പര്യാപ്തമല്ലെന്ന കാര്യവും പലരും സൂചിപ്പിച്ചിട്ടുണ്ട്. ഇക്കാര്യങ്ങൾ നിലവിൽ സർക്കാർ പരിഗണിക്കുന്നുണ്ട്.

ശ്രീ. സി. ആർ. മഹേഷ്: സർ, കടൽ, കപ്പൽ, കണ്ടെയ്നർ അപകടങ്ങൾ ഏതായാലും മത്സ്യത്തൊഴിലാളികൾക്കാണ് ബുദ്ധിമുട്ട് അനുഭവപ്പെടുന്നത്. കഴിഞ്ഞ കുറച്ചുനാളുകൾക്കുമുമ്പ് ഉണ്ടായ കണ്ടെയ്നർ അപകടത്തിൽ വള്ളവും വലയും നഷ്ടപ്പെട്ട മത്സ്യത്തൊഴിലാളികൾക്ക് കപ്പൽ മുതലാളിമാരിൽനിന്ന് നഷ്ടപരിഹാര തുക ഈടാക്കി നൽകുമെന്ന് പ്രഖ്യാപിച്ചിരുന്നു. എന്നാൽ, ഇതുവരെ നഷ്ടപരിഹാരം ലഭിച്ചിട്ടില്ല. അർഹരായ മത്സ്യത്തൊഴിലാളികൾക്ക് നഷ്ടപരിഹാരം അടിയന്തരമായി ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

<u>ശ്രീ. വി. ഇ. അബ്ദുൽ ഗഫൂർ</u>: സർ, ഇതുസംബന്ധിച്ച കേസ് ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ പരിഗണനയിലാണ്. കേസ് നടപടികൾ വേഗത്തിലാക്കിക്കൊണ്ട് നമുക്ക് ഇക്കാര്യത്തിൽ തീരുമാനമുണ്ടാക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. അതിനാവശ്യമായ നടപടികൾ തീർച്ചയായും സ്വീകരിക്കുന്നതാണ്.

<u>ശ്രീ. എം. വിൻസെന്റ്</u>: സർ, ഓഖി ചുഴലിക്കാറ്റ് ദുരന്തത്തിൽ മരണമടഞ്ഞവരുടെ കുടുംബങ്ങൾക്ക് വിദ്യാഭ്യാസ യോഗ്യതയനുസരിച്ച് സ്ഥിരജോലി നൽകുമെന്ന് കഴിഞ്ഞ സർക്കാർ പറഞ്ഞിരുന്നു. കഴിഞ്ഞ പത്ത് വർഷമായിട്ടും സ്ഥിരമായി ഒരാൾക്കുപോലും ജോലി നൽകാൻ കഴിഞ്ഞിട്ടില്ല. പത്ത് വർഷമായി അവർക്കെതിരെ ഈയൊരു അനീതി നടന്നുകൊണ്ടിരിക്കുകയാണ്. ഓഖി ചുഴലിക്കാറ്റ് ദുരന്തത്തിൽ മരണമടഞ്ഞവരുടെ കുടുംബങ്ങൾക്ക് സ്ഥിരജോലി നൽകാൻ തയ്യാറാകുമോ; മറ്റൊന്ന്, മരണമടഞ്ഞവർക്ക് ഏഴ് വർഷം കഴിഞ്ഞാൽമാത്രമെ മരണ സർട്ടിഫിക്കറ്റ് ലഭിക്കുകയുള്ളൂ. ഇപ്പോൾ ഏഴ് വർഷം കഴിഞ്ഞിട്ടും മരണസർട്ടിഫിക്കറ്റ് ലഭിക്കുന്നില്ല. ഇതിനുള്ള നടപടി സ്വീകരിക്കുമോ?

*Question Hour*

ശ്രീ. വി. ഇ. അബ്ദുൽ ഗഫൂർ: സർ, ഒരാളെ കാണാതായാൽ ഏഴ് വർഷം കഴിഞ്ഞാൽമാത്രമെ മരണ സർട്ടിഫിക്കറ്റ് നൽകാൻ സാധിക്കുകയുള്ളൂവെന്നതിന് ഒരു നിയമ ഭേദഗതി ആവശ്യമാണ്. ഇക്കാര്യം നിഷ്കർഷിച്ചിരിക്കുന്ന ക്ലോസിൽ ഭേദഗതി ആവശ്യമാണ്. 7 വർഷം എന്നത് കുറയ്ക്കണമെന്ന് കേന്ദ്ര ഗവൺമെന്റിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്. നിലവിൽ ഏഴ് വർഷം കഴിഞ്ഞ വ്യക്തിഗത കേസുകളുണ്ടെങ്കിൽ അവ പരിശോധിച്ച് ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്. അതുപോലെ ഓഖി ദുരന്തത്തിൽ മരിച്ചവരുടെ കാര്യവും പരിശോധിക്കുന്നതാണ്.

ശ്രീ. മുഹമ്മദ് ഷിയാസ്: സർ, തീരദേശ മേഖലകളിലൊക്കെ 'ഒരു നെല്ലും ഒരു മീനും' എന്ന പദ്ധതിയുണ്ട്. പക്ഷെ, ഹെക്ടർ കണക്കിന് വരുന്ന പൊക്കാളി കൃഷിപ്പാടങ്ങളൊന്നും കൃഷി ചെയ്യാത്ത സാഹചര്യമാണുള്ളത്. ഇപ്പോൾ ആന്ധ്രാപ്രദേശ് പോലുള്ള സംസ്ഥാനങ്ങളിൽ ഭൂരിഭാഗം സ്ഥലങ്ങളിലും നെൽക്കൃഷിയെല്ലാം നിർത്തി മുഴുവൻ സമയം മത്സ്യക്കൃഷിക്കുവേണ്ടിയുള്ള നടപടികൾ സ്വീകരിച്ചതോടുകൂടി നമ്മുടെ sea food കമ്പനികളെല്ലാം ആന്ധ്രാപ്രദേശ് പോലുള്ള സംസ്ഥാനങ്ങളിലേക്ക്

കടന്നുപോകുകയാണ്. കേരളത്തിൽ ഹെക്ടർ കണക്കിന് വരുന്ന കൃഷിപ്പാടങ്ങളിൽ വർഷത്തിൽ മുഴുവൻ സമയവും മത്സ്യകൃഷിക്കുവേണ്ടിയുള്ള നടപടികൾ സ്വീകരിക്കാൻ സർക്കാരിന്റെ ഭാഗത്തുനിന്ന് എന്തെങ്കിലും നടപടികളുണ്ടോ; അക്കാര്യങ്ങൾ എന്തെങ്കിലും ആലോചിക്കുന്നുണ്ടോ?

ശ്രീ. വി. ഇ. അബ്ദുൽ ഗഫൂർ: സർ, ബഹുമാനപ്പെട്ട അംഗം ഇവിടെ സൂചിപ്പിച്ചത് ശരിയാണ്. കേരളത്തിൽ ഇപ്പോൾ അക്വാകൾച്ചർ കൂടുതലും ആന്ധ്രാപ്രദേശിൽനിന്നാണ് എത്തുന്നത്. സംസ്ഥാനത്ത് തരിശായി കിടക്കുന്ന കൃഷി ഭൂമികളിൽ വർഷം മുഴുവൻ മത്സ്യകൃഷി നടത്തുന്നതിനുവേണ്ടിയുള്ള അനുമതി നൽകണമെന്നത് വളരെ കാലമായുള്ള ആവശ്യമാണ്. അതിന് The Kerala Conservation of Paddy Land and Wetland Act, 2008 ഉൾപ്പെടെയുള്ള ബന്ധപ്പെട്ട നിയമങ്ങളിൽ ആവശ്യമായ ഭേദഗതികൾ വരുത്തേണ്ടതുമുണ്ട്. ഇക്കാര്യം സർക്കാർ പരിശോധിക്കുന്നുണ്ട്. അത് നടപ്പാക്കികഴിഞ്ഞാൽ അക്വാകൾച്ചർ മേഖലയിൽ കൂടുതൽ പ്രൊഡക്ഷനുണ്ടാക്കാൻ സാധിക്കും. നമ്മുടെ

സംസ്ഥാനത്ത് ഇതിൽനിന്ന് വരുമാനമുണ്ടാക്കാൻ സാധിക്കുമെന്നുള്ളത് ശരിയാണ്.

ശ്രീ. വിഷ്ണു മോഹൻ: സർ, മത്സ്യത്തൊഴിലാളികളുടെ വിവിധ പുനരധിവാസ പദ്ധതികൾ വഴി അവരെ മാറ്റി പാർപ്പിക്കപ്പെട്ട സ്ഥലങ്ങൾ, സുനാമി ഫ്ലാറ്റുകൾ ഉൾപ്പെടെയുള്ള ഫ്ലാറ്റുകൾ എന്നിവിടങ്ങളിൽ കഴിഞ്ഞ പത്തുവർഷത്തിലധികമായി യാതൊരുവിധ മെയിന്റനൻസ് പ്രവൃത്തികളും നടന്നിട്ടില്ല. അവിടെയൊക്കെ താമസിക്കുന്നവരുടെ അവസ്ഥ അതിദയനീയമാണ്. പ്രത്യേകിച്ച്, അവിടത്തെ പൊതുസ്ഥലങ്ങളിൽ അതായത്, ഫ്ലാറ്റിനകത്തെ പൊതുയിടങ്ങൾ, സ്വീവേജ് പ്ലാന്റ്, വാട്ടർ ടാങ്ക് എന്നിവ ഉൾപ്പെടെയുള്ള പൊതുസ്ഥലങ്ങളിൽ യാതൊരുവിധ മെയിന്റനൻസുകളും നടത്താൻ വിവിധ വകുപ്പുകളോ ഗവൺമെന്റോ തയ്യാറായിട്ടില്ല. സുനാമി ഫ്ലാറ്റുകളിൽ അതിദരിദ്രരായ മത്സ്യത്തൊഴിലാളികൾ താമസിക്കുന്ന സ്ഥലം പരാമവധി മെയിന്റനൻസ് ചെയ്യുന്നതിനുള്ള പ്രത്യേക പദ്ധതി മത്സ്യത്തൊഴിലാളി മേഖലയുമായി ബന്ധപ്പെടുത്തി നടപ്പാക്കാൻ വകുപ്പിന് നിർദ്ദേശമുണ്ടോ?

<u>ശ്രീ. വി. ഇ. അബ്ദുൽ ഗഫൂർ</u>: സർ, ബഹുമാനപ്പെട്ട അംഗം ഇവിടെ സൂചിപ്പിച്ചത് വളരെ ശരിയാണ്. സുനാമി ഫ്ലാറ്റുകളുടെ സ്ഥിതി വളരെ ദയനീയമാണെന്നുള്ള കാര്യം ശരിയാണ്. അത് വിവിധ ഘട്ടങ്ങളിൽ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇതുസംബന്ധിച്ച വിശദാംശങ്ങൾ ശേഖരിക്കുന്നതിന് തീരദേശ വികസന കോർപ്പറേഷന് നിർദേശം നൽകിയിട്ടുണ്ട്. സംസ്ഥാനത്ത് എത്ര സുനാമി ഫ്ലാറ്റുകളുണ്ടെന്നും അവയുടെ നിലവിലെ അവസ്ഥ എന്താണെന്നും പരിശോധിക്കുന്നതോടൊപ്പം വളരെ പഴക്കമുള്ള ഫിഷർമെൻ കോളനികൾ ഉൾപ്പെടെയുള്ള കോളനികളുടെ വിശദാംശങ്ങളും ശേഖരിക്കാൻ നിർദേശിച്ചിട്ടുണ്ട്. ഈ വിവരങ്ങൾ ലഭിച്ചതിനുശേഷം പരിശോധിച്ച് നടപടിയെടുക്കുന്നതാണ്.

<u>ശ്രീ. പി. കെ. നവാസ്</u>: സർ, നമ്മുടെ ഹാർബറുകളുടെയൊക്കെ പ്രവർത്തനം ഏറ്റവും കൂടുതൽ നടക്കുന്നത് രാത്രി സമയങ്ങളിലാണ്. അവിടെ രാത്രിസമയങ്ങളിൽ ഒരു പെർമനന്റ് ഇലക്ട്രീഷ്യനില്ലാത്ത പ്രശ്നം അവരുടെ ദൈനംദിന പ്രവർത്തനങ്ങളെ വലിയ രീതിയിൽ ബാധിക്കുന്നുണ്ട്. സാധാരണ പി.ഡബ്ല്യൂ.ഡി. റോഡുകളുടെ കാര്യത്തിൽ ചെയ്യുന്നതുപോലെ

*Question Hour*

റണ്ണിങ് കോൺട്രാക്റ്റ് വ്യവസ്ഥയിൽ പെർമനന്റായി ഹാർബറുകളിൽ ഇലക്ട്രിഷ്യൻമാരെ നിയമിക്കുന്നതുമായി ബന്ധപ്പെട്ട ആലോചന സർക്കാരിന് നടത്താൻ കഴിയുമോ; അത് സാധ്യമാകുമോ?

ശ്രീ. വി. ഇ. അബ്ദുൽ ഗഫൂർ: സർ, ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചത് ഹർബറുകളിൽ രാത്രികാലങ്ങളിൽ വെളിച്ചമില്ലാത്തതുമായി ബന്ധപ്പെട്ട പ്രശ്നമാണ്. അവിടെ പെർമനന്റ് ഇലക്ട്രീഷ്യനില്ലാത്ത പ്രശ്നമുണ്ടെങ്കിൽ അത് എങ്ങനെ പരിഹരിക്കാൻ സാധിക്കുമെന്നുള്ളത് പരിശോധിക്കാം.

ശ്രീമതി ഉമ തോമസ്: സർ, തൃക്കാക്കര നിയോജകമണ്ഡലത്തിലെ ചമ്പക്കര മത്സ്യ മാർക്കറ്റ് കാലപ്പഴക്കവും അടിസ്ഥാനസൗകര്യങ്ങളുടെ അപര്യാപ്തതമൂലം നേരിടുന്ന പ്രശ്നങ്ങൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത മാർക്കറ്റ് നവീകരിച്ച് ശുചിത്വം, മാലിന്യസംസ്കരണം, മലിനജല നിർമ്മാർജനം, ശീതികരണ സംവിധാനം, മത്സ്യസംഭരണ സൗകര്യം, ആധുനിക വിപണന സൗകര്യങ്ങൾ എന്നിവയോടുകൂടി ആധുനിക മത്സ്യ വിപണന കേന്ദ്രമായി വികസിപ്പിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

*Question Hour*

ശ്രീ. വി. ഇ. അബ്ദുൽ ഗഫൂർ: സർ, സംസ്ഥാനത്ത് വിവിധ മാർക്കറ്റുകളിൽ ആധുനികവൽക്കരണം നടന്നുകൊണ്ടിരിക്കുകയാണ്. ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ച മാർക്കറ്റും നമുക്ക് പരിശോധിക്കാം. കേന്ദ്ര-സംസ്ഥാന സഹകരണത്തോടുകൂടി ടി മാർക്കറ്റുകൾ ആധുനികവൽക്കരിക്കുന്നതിനുള്ള ശ്രമം നടത്താം.

ശ്രീമതി രമ്യ ഹരിദാസ്: സർ, സാമൂഹ്യനീതിയുമായി ബന്ധപ്പെട്ട ചോദ്യമാണ്. ചില പ്രധാന സർക്കാർ ഓഫീസുകൾ മൂന്നുനാല് നിലകളുള്ള കെട്ടിടങ്ങളിലാണ് പ്രവർത്തിച്ചുവരുന്നത്. പലപ്പോഴും ഇത്തരം ഓഫീസുകൾ കയറിയിറങ്ങുന്നത് ഭിന്നശേഷിക്കാർക്ക് കഴിയാത്തൊരു സാഹചര്യം വരുന്നുണ്ട്. പ്രത്യേകിച്ച്, പഴയ ബിൽഡിംഗിനകത്ത്. സർക്കാർ-അർധസർക്കാർ, സ്വകാര്യ സ്ഥാപനങ്ങൾ എന്നിവ ഭിന്നശേഷി സൗഹൃദമാക്കുന്നതിന് സർക്കാർ നടപടി സ്വീകരിക്കുമോ?

ശ്രീ. വി. ഇ. അബ്ദുൽ ഗഫൂർ: ബാരിയർ ഫ്രീയാക്കുന്നതിനെക്കുറിച്ചാണ് ബഹുമാനപ്പെട്ട അംഗം ഇവിടെ സൂചിപ്പിച്ചത്.

*Question Hour*

മി. സ്പീക്കർ: ഇതിന് മറുപടി പറയാൻ prepared അല്ലെങ്കിൽ ഇപ്പോൾ മറുപടി നൽകണ്ടതില്ല. ബന്ധപ്പെട്ട വിഷയം സഭയിൽ വരുമ്പോൾ അങ്ങേയ്ക്ക് ഉന്നയിക്കാവുന്നതാണ്.

ശ്രീ. സി. വി. ശാന്തകുമാർ: സർ, ഫിഷറീസ് മേഖലയിൽ തീരദേശത്ത് അല്ലെങ്കിൽ കടലോര മേഖലയിൽ മാത്രമുള്ളവർക്ക് ആനുകൂല്യം നൽകുന്നതോടൊപ്പം രാവിലെ രണ്ട് മണിക്ക് പത്തനംതിട്ട ജില്ലയിൽനിന്നും മറ്റ് വനമേഖലകളിൽനിന്നുമൊക്കെ വന്ന് മത്സ്യമെടുത്തുകൊണ്ടുപോയി വിൽപ്പന നടത്തുന്ന മത്സ്യത്തൊഴിലാളികളെക്കൂടി പരിഗണിച്ച് അവർക്ക് യഥാവിധി ആനുകൂല്യം എത്തിക്കുന്നതിനുള്ള നടപടി സർക്കാർ സ്വീകരിക്കുമോ?

ശ്രീ. വി. ഇ. അബ്ദുൽ ഗഫൂർ: സർ, ഫിഷറീസ് മേഖലയിലുള്ള മത്സ്യത്തൊഴിലാളികൾക്ക് ആനുകൂല്യങ്ങൾ നൽകുന്നുണ്ട്. നിലവിൽ ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ച കാര്യം പരിശോധിക്കാം.

## ജലാശയങ്ങളുടെ ആഴം കൂട്ടാൻ നടപടി

2(*62) ശ്രീ. നാട്ടകം സുരേഷ്:
ശ്രീ. അൻവർ സാദത്ത്:
ശ്രീ. സെബാസ്റ്റ്യൻ. എം. ജെ:
ശ്രീ. അബിൻ വർക്കി കോടിയാട്ട്: താഴെ കാണുന്ന

ചോദ്യങ്ങൾക്ക് ജലവിഭവ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അടിക്കടി ഉണ്ടാകുന്ന പ്രളയങ്ങൾ മൂലം ഡാമുകൾ, പ്രധാന നദികൾ, കായലുകൾ, തോടുകൾ തുടങ്ങിയ ജലാശയങ്ങളിൽ ധാരാളം മണലും ചെളിയും അടിഞ്ഞു കൂടിയിട്ടുണ്ടെന്ന് കണ്ടെത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) മണലും ചെളിയും അടിഞ്ഞു കൂടുന്നതുമൂലം ജലാശയങ്ങളുടെ ആഴം കുറഞ്ഞ് ജലസംഭരണശേഷി കുറയുന്നത് പ്രളയവും വെള്ളപ്പൊക്കവും ഇടക്കിടെ ഉണ്ടാകാൻ കാരണമാകുന്നുവെന്ന് വിലയിരുത്തിയിട്ടുണ്ടോ; വ്യക്തമാക്കാമോ;

(സി) ജലാശയങ്ങളിൽ അടിഞ്ഞുകൂടികിടക്കുന്ന മണലും ചെളിയും അടിയന്തരമായി നീക്കം ചെയ്ത് ജലാശയങ്ങളുടെ ആഴം കൂട്ടുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

ജലവിഭവ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. മോൻസ് ജോസഫ്): സർ, (എ) ഉണ്ട്. സംസ്ഥാനത്ത് ഉണ്ടായിട്ടുള്ള പ്രളയം, വെള്ളപ്പൊക്കം, ഉരുൾപൊട്ടൽ ഇതിനെ തുടർന്നുണ്ടായ മണ്ണിടിച്ചിൽ, മണ്ണൊലിപ്പ് എന്നിവ കാരണം ഡാമുകളിലും പ്രധാന നദികൾ, കായലുകൾ, തോടുകൾ തുടങ്ങിയ ജലാശയങ്ങളിലും എക്കലും, മണ്ണും, പാറകഷ്ണങ്ങൾ, മരങ്ങൾ, മറ്റ് പാഴ്വസ്തുക്കളും അടിഞ്ഞു കൂടിയിട്ടുണ്ടെന്നാണ് പഠനങ്ങളിലൂടെ കണ്ടെത്തിയിട്ടുള്ളത്. Kerala Engineering Research Institute, പീച്ചിയുടെ നേതൃത്വത്തിൽ നടത്തിയ പഠനങ്ങളിൽ നിന്നും ജലസേചന വകുപ്പിന് കീഴിലുള്ള 15 ഡാമുകളുടെ സംഭരണശേഷി വളരെ കുറവ് വന്നതായി കണ്ടെത്തിയിട്ടുണ്ട്. 2018-2019 വർഷങ്ങളിലെ പ്രളയത്തോടനുബന്ധിച്ച് സംസ്ഥാനത്തെ വിവിധ നദികളിൽ മണ്ണ് അടിഞ്ഞ് കൂടുകയും ഇതേ

തുടർന്നുള്ള ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിനുവേണ്ടി മണ്ണ് നീക്കം ചെയ്യണം എന്നുള്ളതും റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്.

(ബി) മണലും ചെളിയും അടിഞ്ഞുകൂടുന്നതുമൂലം ജലാശയങ്ങളുടെ ആഴം കുറഞ്ഞ് ജല സംഭരണശേഷി കുറയുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എന്നാൽ തന്മൂലമാണ് പ്രളയവും വെള്ളപ്പൊക്കവും ഉണ്ടാകുന്നതെന്ന് കണ്ടെത്തിയിട്ടില്ല. വിവിധങ്ങളായ സാഹചര്യങ്ങൾ മൂലമാണ് പ്രളയവും വെള്ളപ്പൊക്കവും ഉണ്ടാകുന്ന എന്നുള്ളതാണ് റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുള്ളത്.

(സി) ജലാശയങ്ങളിൽ അടിഞ്ഞുകൂടിയിരിക്കുന്ന മണലും ചെളിയും നീക്കം ചെയ്യുന്നതിന് വേണ്ടിയുള്ള നടപടികൾ ഡിപ്പാർട്ടുമെന്റ് ഇപ്പോൾ സ്വീകരിച്ചുവരികയാണ്.

<u>ശ്രീ. നാട്ടകം സുരേഷ്</u>: സർ, ജലാശയങ്ങളുടെ സ്വാഭാവിക വീതി നഷ്ടപ്പെടുത്തുന്ന രീതിയിലുള്ള കൈയേറ്റങ്ങൾ ഒഴിപ്പിച്ച് അവയുടെ സംഭരണശേഷി വീണ്ടെടുക്കാൻ റവന്യൂ വകുപ്പുമായി ചേർന്ന് എന്ത് നടപടിയാണ് സ്വീകരിക്കുന്നത്?

<u>ശ്രീ. മോൻസ് ജോസഫ്:</u> സർ, റവന്യൂ വകുപ്പിന്റെ കീഴിലാണ് ദുരന്തനിവാരണം വരുന്നത് എന്നതുകൊണ്ട് പ്രധാനപ്പെട്ട നദികളിലെയും പുഴകളിലെയും മണൽ വാരലുമായി ബന്ധപ്പെട്ട ചുമതല റവന്യൂ വകുപ്പിനാണ് വരുന്നത്. ജില്ലാതലത്തിൽ ജില്ലാ കളക്ടർമാർ ചെയർമാൻമാരായിട്ടുള്ള ദുരന്തനിവാരണ സമിതിയാണ് ഇക്കാര്യത്തിൽ ഇപ്പോൾ പ്രവർത്തനങ്ങൾ നടത്തിവരുന്നത്. ഇറിഗേഷൻ ഡിപ്പാർട്ടുമെന്റിന്റെ കീഴിലുള്ള ഡാമുകളിലെയും പദ്ധതി പ്രദേശങ്ങളിലെയും മണൽ വാരുന്നതിനുള്ള ചുമതല ഇറിഗേഷൻ ഡിപ്പാർട്ട്മെന്റിനാണ്. ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ചതുപോലെ റവന്യൂ വകുപ്പും ഇറിഗേഷൻ ഡിപ്പാർട്ടുമെന്റും സംയുക്തമായി ചേർന്ന് ഈ രംഗത്ത് കാര്യമായ ഇടപെടലുകളും പ്രവർത്തനങ്ങളും നടത്തേണ്ട കാലഘട്ടമാണ്. എന്നാൽ നമ്മുടെ സംസ്ഥാനത്ത് മണൽവാരലിലൂടെ ഉണ്ടായ പ്രശ്നങ്ങൾമൂലവും ഇതിനെത്തുടർന്നുണ്ടായ നിരവധി അപകടമരണങ്ങളും പ്രശ്നങ്ങളും കാരണം മണൽവാരൽ നിർത്തിവയ്ക്കേണ്ടി വന്നിട്ടുണ്ട്. വെള്ളപ്പൊക്കക്കെടുതികളും മറ്റ് പ്രശ്നങ്ങളുമുണ്ടായ സാഹചര്യത്തിൽ റവന്യൂ വകുപ്പും ഇറിഗേഷൻ

ഡിപ്പാർട്ട്മെന്റും ചേർന്ന് ഒരു ഏകോപനത്തിലൂടെ നിയന്ത്രണവിധേയമായും പരിശോധനാവിധേയമായും മണൽവാരൽ നടത്തേണ്ടത് അത്യാവശ്യമായിത്തീർന്നിരിക്കുകയാണ്.

ശ്രീ. നാട്ടകം സുരേഷ്: സർ, മഴവെള്ളം കൂടുതൽ സംഭരിക്കുന്നതിനും ഭൂഗർഭജലനിരപ്പ് ഉയർത്തുന്നതിനും ജലാശയങ്ങളുടെ ആഴം കൂട്ടുന്ന പദ്ധതി സഹായകരമാകുമെന്ന് സർക്കാർ വിലയിരുത്തിയിട്ടുണ്ടോ?

ശ്രീ. മോൻസ് ജോസഫ്: സർ, തീർച്ചയായും ഇക്കാര്യം പ്രത്യേകമായി ഗവൺമെന്റ് പരിശോധനാവിധേയമാക്കിയിട്ടുണ്ട്. നിയന്ത്രണവിധേയമായും നിബന്ധനകൾക്ക് വിധേയമായും ഇപ്പോഴുണ്ടാകുന്ന വെള്ളപ്പൊക്കക്കെടുതികളിൽ നിന്ന് മോചനം ലഭിക്കുന്നതിനുവേണ്ടി ആവശ്യമായ നടപടികൾ സ്വീകരിക്കാനാണ് സർക്കാർ തീരുമാനിച്ചിട്ടുള്ളത്.

ശ്രീ. അൻവർ സാദത്ത്: സർ, 2018-ലെയും 2019-ലെയും വെള്ളപ്പൊക്കത്തിന്റെ ഭാഗമായി ആലുവ പെരിയാർ ഉൾപ്പെടെ അന്ന് വെള്ളം കയറിയ എല്ലാ പുഴകളിലും ചെളിയും എക്കലും വന്നുകൂടി പുഴയുടെ ആഴം കുറഞ്ഞിരിക്കുകയാണ്. സ്വാഭാവികമായും ഇത് ആവർത്തിച്ചാൽ,

അന്ന് ഈ പുഴകളിൽ വെള്ളം കുറെയൊക്കെ ഉൾക്കൊള്ളാൻ സാധിച്ചതുപോലെ ഇനി സാധിച്ചെന്നുവരില്ല. പുഴകളിലെ ചെളിയും എക്കലും മാറ്റിയില്ലെങ്കിൽ അതിതീവ്ര മഴയുണ്ടാകുമ്പോൾ ഈ വെള്ളമെല്ലാം ജനവാസ കേന്ദ്രങ്ങളിലേക്ക് കയറുന്ന സാഹചര്യമുണ്ടാകും. അതുകൊണ്ട് ചെളിയും എക്കലും മാറ്റാൻ ഭൗതികമായ അവസ്ഥയെക്കുറിച്ച് ശാസ്ത്രീയ പഠനം നടത്തി, ശാസ്ത്രീയമായി ഇത് മാറ്റിയാൽ എന്തെങ്കിലും പ്രശ്നങ്ങളുണ്ടോ എന്ന് പരിശോധിച്ച്, എത്രയും വേഗം സാധ്യമായ രീതിയിൽ ചെളിയും എക്കലും മാറ്റാനുള്ള സംവിധാനം ചെയ്യാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ? അത് പല ആശങ്കകൾക്കും വിരാമമിടും. പല പ്രദേശങ്ങളിലേക്കും കുടിവെള്ള പമ്പിങ് നടക്കുന്നുണ്ട്. ചെളി അടിഞ്ഞുകൂടുന്നത് ചില സമയത്ത് പമ്പിങ്ങിന് തടസ്സം സൃഷ്ടിക്കുന്ന സാഹചര്യവുമുണ്ട്. അതുകൊണ്ട് ഇതിന്മേൽ അടിയന്തര നടപടി സ്വീകരിക്കുമോ?

<u>ശ്രീ. മോൻസ് ജോസഫ്</u>: സർ, ജലസേചന വകുപ്പിന് കീഴിലുള്ള പതിനഞ്ച് ഡാമുകളുടെ സംഭരണശേഷിയിൽ ശരാശരി 13.78 ശതമാനം കുറവ് വന്നതായി ശാസ്ത്രീയമായ പഠനങ്ങളിലൂടെ കണ്ടെത്തിയിട്ടുണ്ട്.

അതുകൊണ്ട് മണ്ണും ചെളിയും നീക്കം ചെയ്യേണ്ടത് അത്യാവശ്യമാണ് എന്നുള്ളത് വസ്തുതയാണ്; അത് റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുമുണ്ട്. ഇതിൽ ഇറിഗേഷൻ ഡിപ്പാർട്ട്മെന്റിന്റെ കീഴിൽവരുന്ന പദ്ധതി പ്രദേശങ്ങളും ഡാമുകളും ഒഴികെ നദികളിലെ മണൽ വാരലുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ റവന്യൂ വകുപ്പിനാണ് ചുമതല എന്നുള്ളതുകൊണ്ട് ഈ രണ്ട് വകുപ്പുകളും തമ്മിലുള്ള ഏകോപനത്തിലൂടെ മാത്രമേ ഇത് സാധ്യമാകുകയുള്ളൂ. എന്നാൽ നമ്മുടെ സംസ്ഥാനത്ത് ഇപ്പോൾ മണൽവാരൽ നിർത്തിവച്ചിരിക്കുകയാണ്. പ്രളയക്കെടുതിയെ തുടർന്ന് മണൽവാരൽ പുനരാരംഭിക്കണമെങ്കിൽ ഗവൺമെന്റിന്റെ ഔദ്യോഗിക തീരുമാനം ഉണ്ടാകണം. ഇപ്പോൾ ആ നടപടികളിലേക്ക് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ റവന്യൂ വകുപ്പിന്റെയും ഇറിഗേഷൻ ഡിപ്പാർട്ടുമെന്റിന്റെയും നേതൃത്വത്തിൽ പ്രത്യേകം യോഗങ്ങൾ ചേർന്ന് നിയന്ത്രണവിധേയമായി മണൽവാരുന്നതിനായി തീരുമാനമെടുത്തിട്ടുണ്ട്. ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ചത് വസ്തുതയാണ്; പമ്പിങ് സുഗമമാക്കാനും സംഭരണശേഷി കൂട്ടാനും അതുപോലെ പ്രളയക്കെടുതിയിൽ നിന്ന് മോചനം നേടാനും

നിയന്ത്രണവിധേയമായി മണൽ വാരി മാറ്റേണ്ടത് അത്യാവശ്യമായിത്തീർന്നിരിക്കുകയാണ്. അതിനായി വിവിധ വകുപ്പുകളെ ഏകോപിപ്പിച്ചുകൊണ്ടുള്ള നടപടികൾ സർക്കാർ സ്വീകരിക്കുന്നതാണ്.

ശ്രീ. സെബാസ്റ്റ്യൻ എം. ജെ.: സർ, മുമ്പ് സാമാജികർ സൂചിപ്പിച്ചതുപോലെയുള്ള കാര്യങ്ങൾ തന്നെയാണ് എനിക്കും പറയാനുള്ളത്. ഏതാണ്ട് 25 വർഷമായിട്ട് ഇവിടെ മണൽവാരൽ പോലുള്ള കാര്യങ്ങൾ കാര്യമായി നടന്നിട്ടില്ല. മണലും ചെളിയും നീക്കം ചെയ്താൽ മാത്രമേ ഇതിനൊരു ശാശ്വത പരിഹാരം ഉണ്ടാകുകയുള്ളൂ. കൂടാതെ, പൂഞ്ഞാർ നിയോജകമണ്ഡലത്തിൽ ആഗസ്റ്റ്-സെപ്റ്റംബർ മാസങ്ങളിലുണ്ടായ ഉരുൾപൊട്ടലുകളിൽ രണ്ട് തവണയായി നാല് പേർ മരണപ്പെടുകയുണ്ടായി. അതിതീവ്ര മഴ അപകടകരമല്ലെങ്കിൽ പോലും ചില സാഹചര്യങ്ങിൽ അപകടകരമായി മാറുന്ന സാഹചര്യത്തിലേക്ക് എത്തുന്നു. മൂന്ന് മണിക്കൂർ കൊണ്ട് പെയ്ത മഴയാണ് ഈരാറ്റുപേട്ട, പാലാ ഉൾപ്പെടെയുള്ള പ്രദേശങ്ങളെ പൂർണ്ണമായും വെള്ളത്തിലാഴ്ത്തിയത്. അതിന് മണൽ വാരുന്നതും ചെളി മാറ്റുന്നതും ഉൾപ്പെടെയുള്ള കാര്യങ്ങൾ ചെയ്യുന്നതിനോടൊപ്പം,

തോടുകളുടെയും ആറുകളുടെയും പ്രഭവകേന്ദ്രങ്ങളിൽതന്നെ ചെക്ക് ഡാമുകളോ ചെറിയ ഡാമുകളോ നിർമ്മിച്ചാൽ പെട്ടെന്നുണ്ടാകുന്ന വെള്ളപ്പൊക്കത്തെ ഒരു പരിധിവരെ തടയാൻ കഴിയുമെന്നാണ് കരുതുന്നത്. അതിനെക്കുറിച്ച് വകുപ്പുകൾ തമ്മിലുള്ള ഒരു ഏകോപനം ഉണ്ടാകണം എന്നാണ് എനിക്ക് പറയാനുള്ളത്.

ശ്രീ. മോൻസ് ജോസഫ്: സർ, ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ച കാര്യം വളരെ വസ്തുതാപരമായിത്തന്നെ പരിശോധനാവിധേയമാക്കിയിട്ടുണ്ട്. അദ്ദേഹം ചൂണ്ടിക്കാണിച്ചത് ശരിയാണ്; അദ്ദേഹവും ഞാനും ഒന്നിച്ച് ഈരാറ്റുപേട്ടയിൽ ഒരു പൊതുചടങ്ങിൽ പങ്കെടുക്കുന്ന സമയത്താണ് അതിതീവ്ര മഴയുണ്ടായത്. അവിടെ രണ്ട്-മൂന്ന് മണിക്കൂർ പെയ്ത മഴകൊണ്ടുതന്നെ മീനച്ചിലാർ നിറഞ്ഞുകവിയുകയായിരുന്നു. അതുവരെ ശാന്തമായിരുന്ന അന്തരീക്ഷം പെട്ടെന്ന് കലുഷിതമായി മാറുന്നത് നേരിട്ട് കണ്ടതാണ്. അതുകൊണ്ട് അദ്ദേഹം പറഞ്ഞതുപോലെ മണൽ വാരി മാറ്റുന്നത് മാത്രമല്ല, കിഴക്കൻ മേഖലയിൽ ഉരുൾപൊട്ടലുണ്ടാകുമ്പോൾ അവിടെനിന്ന് ഒഴുകിവരുന്ന വെള്ളത്തെ നിയന്ത്രിക്കാനുള്ള കാര്യങ്ങളും

ചെയ്യേണ്ടതുണ്ട്. ചെക്ക് ഡാമുകൾ നിർമ്മിക്കുന്നതിനെക്കുറിച്ച് അദ്ദേഹം പറഞ്ഞത് തീർച്ചയായും പരിശോധിക്കാവുന്നതാണ്. മീനച്ചിലാർ ഉൾപ്പെടെ വിവിധ നദികളിൽ ചെക്ക് ഡാമുകൾ നിർമ്മിക്കുന്നത് പരിശോധിക്കാം. അതോടൊപ്പംതന്നെ, നിലവിലുള്ള ചെക്ക് ഡാമുകൾ കാരണം വെള്ളപ്പൊക്കം ഉണ്ടാകുന്നുണ്ടെന്നും അതിനാൽ അവ പൊളിച്ചുമാറ്റണമെന്നും ആവശ്യപ്പെട്ട് വിവിധ എം.എൽ.എ.മാർ കത്ത് നൽകിയിട്ടുമുണ്ട്. അതുകൊണ്ട് എവിടെയൊക്കെയാണ് ചെക്ക് ഡാമുകൾ നിർമ്മിക്കേണ്ടത്, എവിടെയൊക്കെയാണ് ഒഴിവാക്കേണ്ടത് എന്നതിനെക്കുറിച്ച് ശാസ്ത്രീയമായ പഠനം ഡിപ്പാർട്ടുമെന്റിൽ ഇതുവരെ നടന്നിട്ടില്ല. നിലവിലെ പ്രളയക്കെടുതികളുടെ പശ്ചാത്തലത്തിൽ, ഒരു വിദഗ്ദ്ധ സമിതിയെ നിയോഗിച്ച് ഈ വിഷയം പ്രത്യേകം പരിശോധിക്കുകയും തുടർനടപടികൾ സ്വീകരിക്കുന്നതുമാണ്.

<u>ശ്രീ. അബിൻ വർക്കി കോടിയാട്ട്</u>: സർ, പ്രളയം ഏറ്റവും കൂടുതൽ ബാധിച്ച ജില്ലയിൽ നിന്നാണ് ഞാൻ വരുന്നത്. 2016-ലാണ് ഔദ്യോഗികമായി മണൽവാരൽ നിർത്തിവച്ചത്. 2018-ലെ

മഹാപ്രളയത്തിൽ മണലും ചെളിയും എക്കലും വന്ന് വിവിധ നദികളിൽ അടിഞ്ഞുകൂടിയത് നമുക്കറിയാം. 2019-ലും ആ അവസ്ഥ തുടർന്നു. 2018-ലെ അത്രയും മഴ 2019-ൽ പെയ്തില്ലെങ്കിലും വെള്ളം കയറി; 2019-ലെ അത്രയും മഴ 2024-ൽ പെയ്തില്ലെങ്കിലും വെള്ളം കയറി; 2024-ലെ മഴ 2026-ൽ പെയ്തില്ലെങ്കിലും വെള്ളം കയറി. ഇത്രയധികം എക്കൽ വന്ന് പുഴയുടെ അടിത്തട്ടിൽ അടിഞ്ഞുകൂടിക്കിടക്കുന്നതുകൊണ്ടാണ് എന്റെ ജില്ലയുൾപ്പെടെ ആറന്മുള, റാന്നി, തിരുവല്ല ഉൾപ്പെടെയുള്ള പ്രദേശങ്ങളിൽ വെള്ളം കയറാൻ ഇടയായത്. അതുകൊണ്ടുതന്നെ അടിയന്തരമായി മണലും ചെളിയും എക്കലും നീക്കം ചെയ്താൽ മാത്രമേ പുഴകളുടെ water carrying capacity വർധിപ്പിക്കാൻ സാധിക്കുകയുള്ളൂ. അതുമാത്രമല്ല, പമ്പയാറിൽ മണൽ വാരുമ്പോൾ ഒരു കാര്യം പ്രത്യേകം ശ്രദ്ധിക്കേണ്ടതുണ്ട്; ചെറുകോൽപ്പുഴ ഹിന്ദുമത കൺവെൻഷൻ നടക്കുന്നത് പമ്പയാറിന്റെ തീരത്തെ മണപ്പുറത്താണ്, അതിന്റെ തൊട്ടുതാഴെയാണ് ചരിത്രപ്രസിദ്ധമായ മാരാമൺ കൺവെൻഷൻ നടക്കുന്നത്, അതിനും താഴെയാണ് ആറന്മുള വള്ളംകളിയും

വള്ളസദ്യയും നടക്കുന്നത്. അതിനാൽ ശാസ്ത്രീയമായ രീതിയിൽ മണൽവാരൽ നടത്താൻ സർക്കാർ തയ്യാറാകുമോ?

ശ്രീ. മോൻസ് ജോസഫ്: സർ, അദ്ദേഹം ചൂണ്ടിക്കാണിച്ച അയിരൂർ-ചെറുകോൽപ്പുഴ ഹിന്ദുമത കൺവെൻഷനും മാരാമൺ കൺവെൻഷനും കൃത്യമായി നടക്കണമെങ്കിൽ അവിടെ മണൽ വാരാതിരിക്കണം. എന്നാൽ ഉതൃട്ടാതി വള്ളംകളി നടക്കണമെങ്കിൽ മണൽ വാരി മാറ്റുകയും വേണം. അവിടെ വെള്ളമില്ലാതെ വള്ളംകളി നടത്താൻ കഴിയാത്ത അവസ്ഥയുണ്ടായിട്ടുണ്ട്. അതിനാൽ ഇപ്രാവശ്യം ഡാം കൃത്യമായി തുറന്ന് ജലനിരപ്പ് കൃത്യമായി പാലിച്ചുകൊണ്ടും മോണിറ്ററിങ് നടത്തിയും എന്റെ മേൽനോട്ടത്തിൽ യോഗങ്ങൾ വിളിച്ചുചേർത്തുമാണ് കാര്യങ്ങൾ നടത്തിയത്. മാലിന്യങ്ങളും ചെളിയും നിറഞ്ഞ് പമ്പാ നദി ഏറ്റവും രൂക്ഷമായ മലിനീകരണം നേരിടുന്ന സ്ഥിതിയിലാണ്. പമ്പാ നദി ശുദ്ധീകരിക്കുക എന്നത് സർക്കാരിന്റെ പൊതുവായ ആവശ്യങ്ങളിൽ മുൻഗണന നൽകുന്ന ഒന്നാണ്. പക്ഷെ അതിനുള്ള പ്രോജക്ടുകൾ കേന്ദ്രത്തിന് സമർപ്പിക്കാൻ കഴിഞ്ഞിട്ടില്ല. കേന്ദ്ര ഗവൺമെന്റിന് വിവിധങ്ങളായ പദ്ധതികൾ

ഇക്കാര്യത്തിൽ നിലവിലുണ്ട്. നിർഭാഗ്യവശാൽ കേരളത്തിന് അത് പ്രയോജനപ്പെടുത്താൻ കഴിഞ്ഞിട്ടില്ല. പുതിയ ഗവൺമെന്റ് അധികാരത്തിൽവന്നശേഷം ഇക്കാര്യങ്ങൾ പരിശോധിച്ചതിന്റെ വെളിച്ചത്തിൽ പമ്പാ നദികൂടി ഉൾപ്പെടുത്തിക്കൊണ്ടുള്ള പുതിയ പദ്ധതികൾ കേന്ദ്ര സർക്കാരിന് സമർപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ട്. കേന്ദ്ര സർക്കാരിന്റെ സഹായത്തോടെയും സംസ്ഥാന സർക്കാർ ഫണ്ടിന്റെ സാധ്യതകൾ പ്രയോജനപ്പെടുത്തിയും നദികളുടെ ശുദ്ധീകരണം എന്നത് ഒരു പുതുനയമായി സ്വീകരിക്കാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്.

<u>ശ്രീ. യു. ആർ. പ്രദീപ്</u>: സർ, നാലുമാസംകൂടി കഴിഞ്ഞാൽ കടുത്ത വേനൽ അനുഭവപ്പെടാൻ പോവുകയാണ്. എല്ലാവർക്കും അറിയാവുന്നപോലെ കാലാവസ്ഥാ വ്യതിയാനത്തിന്റെ പ്രത്യാഘാതങ്ങൾ പലതരത്തിലും നാം അനുഭവിച്ചുകൊണ്ടിരിക്കുകയാണ്. ഇവിടെ പുഴകളിലെ മണലെടുക്കൽ മാത്രമല്ല, നാട്ടിൻപ്രദേശത്തെ ജലാശയങ്ങൾ സംരക്ഷിക്കാനുള്ള ഒരുക്കങ്ങൾക്ക് സർക്കാർ എന്തെങ്കിലും തുടക്കം കുറിച്ചിട്ടുണ്ടോ; അതിന്റെ ഭാഗമായി എന്തെങ്കിലും ഇടപെടലുകളുണ്ടെങ്കിൽ അത് നടത്തുമ്പോൾ

സുതാര്യമായി എല്ലാവർക്കും കാണത്തക്ക രീതിയിലാക്കാൻ ശ്രമിക്കുമോ; കാരണം ഇതുമായി ബന്ധപ്പെട്ട് ധാരാളം അഴിമതിയുണ്ടാകാൻ സാധ്യതയുണ്ട്. അതിനാൽ എത്ര രൂപയാണെന്നും എടുക്കുന്ന മണ്ണിന്റെ അളവെത്രയാണെന്നും ആരാണ് മണൽ എടുക്കുന്നതെന്നുമുള്ള വിവരങ്ങൾ പൊതുജനങ്ങൾ കൃത്യമായി കാണത്തക്ക രീതിയിൽ സുതാര്യമായി നടത്താൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

<u>ശ്രീ. മോൻസ് ജോസഫ്</u>: സർ, അദ്ദേഹം ചൂണ്ടിക്കാണിച്ചത് കുളങ്ങളുടെ സംരക്ഷണമാണ്. കുളങ്ങളുടെ നവീകരണവും സംരക്ഷണവും ഇറിഗേഷൻ വകുപ്പിന്റെ പ്രധാനപ്പെട്ട പ്രോജക്ടായി നടപ്പാക്കാൻ ഉദ്ദേശിക്കുകയാണ്. നിലവിലെ ഏറ്റവും വലിയ പ്രശ്നം ഫണ്ടിന്റെ അപര്യാപ്തതയാണ്. വളരെ കുറച്ച് ഫണ്ട് മാത്രമാണ് ഇത്തരം കാര്യങ്ങൾക്കായി വകയിരുത്തിയിട്ടുള്ളത്. അതിനാൽ ഓരോ ജില്ലയിലും ഒന്നോ രണ്ടോ കുളങ്ങളിൽ കൂടുതൽ ഏറ്റെടുക്കാൻ കഴിയില്ലെന്നതാണ് വസ്തുത. ജലസംഭരണത്തിന് ഉപകരിക്കുന്ന നൂറുകണക്കിന് കുളങ്ങളുണ്ട്. അതിനാൽ ഇത്തരം പ്രവർത്തനങ്ങൾക്ക് കൂടുതൽ ഫണ്ട് കണ്ടെത്തി

കുളങ്ങളുടെ നവീകരണവും സംരക്ഷണവും നടപ്പിലാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്താൻ വകുപ്പ് തലത്തിൽ ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

ശ്രീ. കെ. ജയന്ത്: സർ, എല്ലവരും പറഞ്ഞ അതേ വിഷയം തന്നെയാണ്. കഴിഞ്ഞ പത്ത് പതിനഞ്ച് വർഷമായി പുഴകളിൽനിന്നും മണൽ നീക്കം ചെയ്യാത്ത വിഷയം എല്ലായിടത്തുമുണ്ട്. കോഴിക്കോട് നഗരത്തിലും ബഹുമാനപ്പെട്ട തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രിയുടെ മണ്ഡലത്തിലുമുൾപ്പെടെ കഴിഞ്ഞ എല്ലാ വർഷങ്ങളിലും ഈ പ്രതിസന്ധി അനുഭവിക്കുന്നുണ്ട്. കോഴിക്കോട് നഗരത്തോട് ചേർന്ന് ഒഴുകുന്ന പൂനൂർ പുഴ മൂന്നിലൊന്നായി ചുരുങ്ങിയിരിക്കുകയാണ്. ഏതൊരു മനുഷ്യനും അവനവന്റെ ജീവിതത്തിൽ അതിയായ സങ്കടം വരുമ്പോൾ ഓടിയെത്തുന്നത് അവരുടെ വീടുകളിലേയ്ക്കാണ്. എന്നാൽ ആ വീട്ടിൽനിന്നും ആയിരക്കണക്കിന് മനുഷ്യരാണ് എല്ലാവർഷവും നാലും അഞ്ചും ദിവസം കോഴിക്കോട് നഗരത്തിലെ ക്യാമ്പുകളിൽ ജീവിക്കേണ്ടി വരുന്നത്. പുഴ മൂന്നിലൊന്നായി ചുരുങ്ങിയതും സംരക്ഷണഭിത്തികളുടെ അഭാവവുംമൂലം ജനങ്ങൾ

അനുഭവിക്കുന്ന ബുദ്ധിമുട്ടിന് ശാശ്വത പരിഹാരമുണ്ടാകാണം. കേരളത്തിലെ ഏറ്റവും പ്രധാനപ്പെട്ടൊരു നഗരത്തിൽ എല്ലാവർഷവും ക്യാമ്പിൽ കഴിയേണ്ടിവരുന്ന മനുഷ്യരുടെ നിസ്സഹായാവസ്ഥ ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പൂനൂർ പുഴയ്ക്ക് സംരക്ഷണ ഭിത്തി കെട്ടി ശാശ്വത പരിഹാരമുണ്ടാക്കുന്നതിന് എന്തെങ്കിലും പദ്ധതിയുണ്ടോ?

<u>ശ്രീ. മോൻസ് ജോസഫ്</u>: സർ, ബഹുമാനപ്പെട്ട അംഗം ഇവിടെ ചൂണ്ടിക്കാണിച്ച വിഷയത്തിന്മേൽ റവന്യൂ വകുപ്പുകൂടി ചേർന്നുകൊണ്ടുള്ള ഒരു കോ-ഓർഡിനേഷന്റെ പ്രാധാന്യം വളരെ പ്രസക്തമായി തീർന്നിരിക്കുകയാണ്. കോരപ്പുഴയിൽ മണൽ വാരാൻ തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ അതിനാവശ്യമായ മെഷീനുകൾ ഉൾപ്പെടെ കൊണ്ടുവന്ന് മണൽ വാരാൻ ആളുകളെ സജ്ജമാക്കുകയും ചെയ്ത് എല്ലാ കാര്യങ്ങളും ചെയ്യാനായി മുന്നോട്ടു വന്നപ്പോൾ കുറച്ച് ആളുകൾ മണൽ വാരാൻ അനുവദിക്കില്ലെന്ന നിലപാട് സ്വീകരിച്ചു. തുടർന്ന്, ബഹുമാനപ്പെട്ട രണ്ട് എം.എൽ.എ.-മാരുടെ സാന്നിധ്യത്തിൽ യോഗം വിളിച്ചു ചേർത്ത് കോഴിക്കോട് ജില്ലാ കളക്ടറോട് മണൽ വാരൽ നടപ്പാക്കാനുള്ള ഇടപെടൽ

നടത്താൻ നിർദേശം നൽകുകയുണ്ടായി. അല്ലെങ്കിൽ അവിടെ വീണ്ടും പ്രളയക്കെടുതിയുണ്ടാകും. ഇത്തരം ബുദ്ധിമുട്ടുകൾ പരിഹരിക്കാൻ തയ്യാറാകുമ്പോൾ പൊതുജനങ്ങളുടെ സഹകരണംകൂടി ആവശ്യമാണ്. തീർച്ചയായും ഇക്കാര്യത്തിൽ വിവിധ വകുപ്പുകളുടെ കോ-ഓർഡിനേഷൻ ആവശ്യമാണ്. ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രി കൂടി നേതൃത്വം നൽകിക്കൊണ്ട് ഇക്കാര്യങ്ങളിൽ ധാരാളം നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഡിസാസ്റ്റർ മാനേജ്മെന്റുമായി ബന്ധപ്പെട്ട് ജില്ലകളിലെ കാര്യങ്ങൾ റവന്യൂ വകുപ്പാണ് കോ-ഓർഡിനേറ്റ് ചെയ്യുന്നത്. രണ്ട് വകുപ്പുകളും ഏകോപിപ്പിച്ചുകൊണ്ട് ഇക്കാര്യങ്ങൾ ഭംഗിയായി ചെയ്യാൻ ശ്രദ്ധിക്കുന്നതാണ്.

<u>ശ്രീ. എ. പ്രഭാകരൻ</u>: സർ, എന്റെ നിയോജകമണ്ഡലമായ മലമ്പുഴയിലെ വാളയാർ ഡാം തമിഴ്നാട് അതിർത്തിയോട് ചേർന്നുകിടക്കുന്നതാണ്. അവിടെ മണലും മണ്ണും നീക്കം ചെയ്യാൻ തീരുമാനമെടുക്കുകയും മണൽ വാരൽ പുരോഗമിക്കുകയും ചെയ്യുന്നതിനിടയിൽ ഏതാനും കുറച്ച് മാസങ്ങളായി വൻ അഴിമതിയാണ്

അവിടെ നടന്നുകൊണ്ടിരിക്കുന്നത്. ഒരു പാലം മാത്രമാണ് വാളയാർ ഡാമിനെ തമിഴ്നാടുമായി വേരിതിരിക്കുന്നത്. ഇവിടെ നിന്നെടുക്കുന്ന മണൽ തമിഴ്നാട്ടിലേയ്ക്കാണ് കൊണ്ടുപോകുന്നത്. ഞാൻ ഡി.ഡി.സി.-യിൽ ബഹളം വച്ചതിനെത്തുടർന്ന് നിലവിൽ എടുത്ത മണൽ എത്രയാണെന്ന് അളന്ന് തിട്ടപ്പെടുത്താൻ ജിയോളജി വകുപ്പിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. നൂറ് ലോഡ് മണൽ കടത്തുമ്പോൾ വെറും പത്ത് ലോഡ് മാത്രം കണക്കിലുൾപ്പെടുത്തുകയും ബാക്കി തൊണ്ണൂറ് ലോഡ് കണക്കില്ലാതെ കടത്തുകയുമാണ് ചെയ്യുന്നത്.

<u>മി. സ്പീക്കർ</u>: ചുരുക്കണം.....പുഴയുള്ളടത്തെല്ലാം ചോദ്യമുണ്ട്.....

<u>ശ്രീ. എ. പ്രഭാകരൻ</u>: സർ, ഞാൻ ഇക്കാര്യം ബഹുമാനപ്പെട്ട വകുപ്പുമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തിയതാണ്. അനധികൃതമായ മണൽ കടത്ത് നിയന്ത്രിക്കാനും സർക്കാരിന്റെ വരുമാനം വർധിപ്പിക്കാനും കളവ് അവസാനിപ്പിക്കാനും എന്തെങ്കിലും നടപടി സ്വീകരിക്കുമോ എന്നതാണ് എന്റെ ചോദ്യം.

*Question Hour*

ശ്രീ. മോൻസ് ജോസഫ്: സർ, തീർച്ചയായും ഇക്കാര്യത്തിൽ നടപടി സ്വീകരിക്കും. അദ്ദേഹം ഇതുസംബന്ധിച്ച് രേഖാമൂലം കത്ത് നൽകിയതിന്റെ അടിസ്ഥാനത്തിൽ അന്വേഷണം നടത്തി, എത്ര ലോഡ് മണൽ സൈറ്റിൽ നിന്ന് പോകുന്നുണ്ടെന്ന് കണ്ടെത്താനും അളന്ന് തിട്ടപ്പെടുത്താനും കഴിയുന്ന വിധത്തിലുള്ള സിസ്റ്റം ഏർപ്പെടുത്തിയിട്ടുണ്ട്. അതിന്റെ ഭാഗമായി പരിശോധനാ വിധേയമായാണ് ഇപ്പോൾ മണൽ കൊണ്ടുപോകുന്നത്. നേരത്തെ അവിടെ പലതരത്തിലുള്ള കൊള്ളയും അഴിമതിയും നടന്നിട്ടുണ്ടെന്നത് പൊതുപരാതിയാണ്. അതുകൊണ്ടുതന്നെ ടി വിഷയം ഗൗരവമായി പരിശോധിക്കുകയും കർശനമായ ഇടപെടൽ നടത്തുകയും ചെയ്തിട്ടുണ്ട്. ഡാമുകളിലും മണൽ സൈറ്റുകളിൽനിന്നും മണൽ വാരി കൊള്ള നടത്തുന്ന ഇടപാട് ഒരുകാരണവശാലും അനുവദിക്കില്ല. ഇതിനെതിരെ കർശനമായ നിയന്ത്രണം ഏർപ്പെടുത്താനും അഴിമതിരഹിതമായി കാര്യങ്ങൾ നടപ്പാക്കാനും ശക്തമായ നിലപാട് സ്വീകരിക്കുമെന്ന് അറിയിക്കുകയാണ്.

*14-10-2026*

*Question Hour*

<u>ശ്രീ. ജ്യോതികുമാർ ചാമക്കാല</u>: കൊല്ലം, പത്തനംതിട്ട, ആലപ്പുഴ ജില്ലകളിൽ വേനൽക്കാലത്ത് ഏകദേശം അഞ്ചുമാസക്കാലം ജലസ്രോതസ്സുകൾ നിലനിർത്തുന്നത് കെ.ഐ.പി. (കല്ലട ഇറിഗേഷൻ പ്രോജക്റ്റ്)-യുടെ ഇടതുകര വലതുകര കനാലുകളാണ്. ഏകദേശം നാല്പത് വർഷങ്ങൾക്കുമുമ്പ് നിർമ്മിച്ച ടി കനാലിന്റെ മെയിന്റനൻസ് കൃത്യമായി നടക്കുന്നില്ല. ഇത് പാമ്പും, പന്നിയുമൊക്കെയായി കാട് കയറി കിടക്കുന്ന പ്രദേശമായി മാറിയിട്ടുണ്ട്. അടിയന്തരമായി ടി കനാലിന്റെ മെയിന്റനൻസ് നടത്തുന്നതിനുള്ള ഇടപെടലുണ്ടാകുമോ; തൊഴിലുറപ്പ് പദ്ധതിയുടെ ഭാഗമായി കാട് നീക്കംചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുമോ; രണ്ടോ മൂന്നോ ഘട്ടമായി പൂർണ്ണതോതിലുള്ള നവീകരണം നടത്താൻ കഴിയുമോ; ഇതുമായി ബന്ധപ്പെട്ട് ഇറിഗേഷൻ, കൃഷി, എൽ.എസ്.ജി.ഡി. വകുപ്പുകളുമായി ചേർന്ന് ഒരു സമഗ്ര പദ്ധതി നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ?

<u>ശ്രീ. മോൻസ് ജോസഫ്</u>: സർ, ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ചതുപോലെ കെ.ഐ.പി. കനാലിന്റെ അറ്റകുറ്റപ്പണികൾ

നടത്താൻ കഴിഞ്ഞിട്ടില്ല. ഇക്കാര്യങ്ങൾ പ്രത്യേകമായി പരിശോധിക്കുകയുണ്ടായി. ഫണ്ടിന്റെ അപര്യാപ്തതയാണ് പ്രധാനപ്പെട്ട ബുദ്ധിമുട്ടായി നിലനിൽക്കുന്നത്. കേരളത്തിൽ കനാലുകളുടെ നവീകരണം യഥാർത്ഥത്തിൽ നടക്കേണ്ട ഒരു കാര്യമാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ പുതിയ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം ഇക്കാര്യങ്ങൾ പരിശോധിച്ചപ്പോൾ, വർഷങ്ങളായി കനാലുകളുടെ അറ്റകുറ്റപ്പണികൾ നടത്താൻ കഴിയാതെ മുടങ്ങിക്കിടക്കുകയാണ് എന്നാണ് മനസ്സിലായത്. കൃത്യമായ അറ്റകുറ്റപ്പണികൾ നടത്താത്തതിനാൽ കേരളം ഒട്ടാകെയുള്ള വിവിധ കനാലുകൾ തകർച്ചയിലാണ്. കനാലുകളുടെ നവീകരണവും പുനരുദ്ധാരണ പ്രവർത്തനങ്ങൾ കൃത്യമായി നടത്തേണ്ടത് ആവശ്യമാണ്. മുമ്പ് തൊഴിലുറപ്പ് പദ്ധതിയുടെ ഭാഗമായാണ് കനാൽ നവീകരണം നടത്തിയിരുന്നത്. എന്നാൽ ഇപ്പോൾ അതിനുപോലും കഴിയാത്ത സാഹചര്യം വന്നിരിക്കുകയാണ്. അതുകൊണ്ട് പഞ്ചായത്തുകളും ഇറിഗേഷൻ ഡിപ്പാർട്ടുമെന്റും ചെയ്യുന്ന പ്രവൃത്തികളല്ലാതെ, കാര്യമായി ഈ രംഗത്ത് മുന്നോട്ടു പോകാൻ കഴിഞ്ഞിട്ടില്ല. കെ.ഐ.പി. മാത്രമല്ല.

സംസ്ഥാനത്തൊട്ടാകെയുള്ള കനാലുകളുടെ നവീകരണത്തിനും അറ്റകുറ്റപ്പണികൾ നടത്താനും കൂടുതൽ സുരക്ഷിതമായി വെള്ളം ഒഴുക്കിക്കൊടുക്കാനും കഴിയുന്ന വിധത്തിൽ കനാലുകളുടെ നവീകരണത്തിനുവേണ്ടിയുള്ള ഒരു പ്രോജക്ട് രൂപീകരിക്കാൻ ഗവൺമെന്റ് തീരുമാനിച്ചിട്ടുണ്ട്. തീർച്ചയായും അക്കാര്യങ്ങൾ പരിഗണിക്കുന്നതാണ്.

ശ്രീ. കെ. രാജൻ: സർ, 2016-ൽ മണൽ വാരൽ നിർത്തിവയ്ക്കേണ്ടി വന്നത് ഒരു പ്രത്യേക സാഹചര്യത്തിലാണെന്ന് അങ്ങേയ്ക്കറിയാം. യഥാർത്ഥത്തിൽ കേരളത്തിലെ നദികളിലെ മണൽവാരലുമായി ബന്ധപ്പെട്ട് 2001-ൽ ഈ സഭ തന്നെ പാസ്സാക്കിയ കേരള നദീതീര സംരക്ഷണവും മണൽ വാരൽ നിയന്ത്രണവും നിയമത്തിന്റെ അടിസ്ഥാനത്തിലാണ് മണലെടുത്തിരുന്നത്. എന്നാൽ **2016**-ൽ Deepak Kumar vs State of Haryana എന്നൊരു കേസ് ബഹുമാനപ്പെട്ട സുപ്രീംകോടതി പരിഗണിച്ചപ്പോൾ നാഷണൽ അക്രഡിറ്റേഷൻ ഏജൻസികളുടെ റിപ്പോർട്ടിന്റെ ക്ലിയറൻസിന്റെ അടിസ്ഥാനത്തിൽ മാത്രമേ മണൽ വാരൽ ആരംഭിക്കാൻ കഴിയുകയുള്ളൂ എന്ന് വ്യക്തമാക്കുകയുണ്ടായി. അതിന്റെ

അടിസ്ഥാനത്തിൽ സ്റ്റേറ്റ് എൺവയോൺമെന്റ് ഇംപാക്ട് അസ്സെസ്സ്മെന്റ് അതോറിറ്റി (SEIAA) പരിശോധന നടത്തി 2018-ൽ എല്ലാത്തിനുംകൂടി ഗവൺമെന്റ് ഉത്തരവ് കൊടുത്തു. ആ ഘട്ടത്തിലാണ് ദേശീയ ഹരിത ട്രിബ്യൂണൽ, അതുകൊണ്ടും തീരുന്നില്ല, നാഷണൽ അക്രഡിറ്റേഷൻ ഏജൻസി ജില്ലകളുടെ ഡി.എസ്.ആർ. തയ്യാറാക്കണമെന്ന് പറഞ്ഞു. അതിന്റെ അടിസ്ഥാനത്തിൽ ഇപ്പോൾ 32 നദികളിൽ സാൻഡ് ഓഡിറ്റ് പൂർത്തീകരിക്കുകയും കൊല്ലം, തൃശ്ശൂർ, മലപ്പുറം, പാലക്കാട്, കണ്ണൂർ, കാസർഗോഡ്, പത്തനംതിട്ട, എറണാകുളം ജില്ലകളിൽ അതിനുവേണ്ടിയുള്ള അനുവാദവും തയ്യാറായിക്കഴിഞ്ഞു. പ്രത്യേകമായി കടലുണ്ടി, ചാലിയാർ ഉൾപ്പെടെയുള്ള നദികളിൽ SEIAA-യുടെ അംഗീകാരവും ലഭ്യമായി. ഇതെല്ലാം കഴിഞ്ഞ് 32 നദികളുടെ സാൻഡ് ഓഡിറ്റും കഴിഞ്ഞ് നിലവിൽ ഗവൺമെന്റിന്റെ മുമ്പാകെ ഈ പ്രശ്നം നിലനിൽക്കുകയാണ്. ആകെ ഒറ്റ പ്രശ്നമേയുള്ളൂ. കടവ് കമ്മിറ്റികൾ രൂപീകരിച്ച് മണൽവാരൽ നിയമപ്രകാരം മണ്ണെടുക്കുന്നതായിരിക്കും ഉചിതമെന്ന പ്രശ്നം മാത്രമേ ഇനി നമ്മുടെ മുമ്പിൽ ബാക്കിയുള്ളൂ. ചാലിയാറും

കടലുണ്ടിയും ഉൾപ്പെടെ എട്ട് ജില്ലകളിലെ നദികളിലും പുഴകളിലും മണൽ വാരാൻ ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെയും ഹരിത ട്രിബ്യൂണലിന്റെയും നിർദേശമനുസരിച്ച് കഴിഞ്ഞ കുറേക്കാലമായി നടത്തിക്കൊണ്ടിരിക്കുന്ന നടപടികൾ പൂർത്തീകരിച്ചിരിക്കുകയാണ്. അതിനാൽ ഇതെല്ലാം കോ-ഓർഡിനേറ്റ് ചെയ്തുപോകാൻ, ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും റവന്യൂ വകുപ്പുമന്ത്രിയും ഇറിഗേഷൻ വകുപ്പുമന്ത്രിയും കൂടിയുള്ള സാഹചര്യത്തിൽ, മണൽ വാരൽ തുടർന്നാൽ നമ്മുടെ റിവർ മോണിറ്റർ ഫണ്ട് വീണ്ടും സജീവമാക്കാൻ കഴിയും.

മി.സ്പീക്കർ: Please come to the question. Ask question…

ശ്രീ. കെ രാജൻ: അങ്ങയുടെ നിയോജക മണ്ഡലത്തിലെ പാലം പൂർത്തീകരിക്കണമെങ്കിൽ ആർ.എം.എഫ്.-ലേയ്ക്ക് ഇനിയും പണം വന്നാൽ കൂടുതൽ സൗകര്യമുണ്ടാകുമെന്നുകൂടി ശ്രദ്ധയിൽപ്പെടുത്തുകയാണ്.

മി. സ്പീക്കർ: അത് വേറെ ചർച്ച ചെയ്യാം. അത് വേറെ വിഷയമാണ്. ഇപ്പോൾ നമ്മൾ തമ്മിലുള്ള പാലം റെഡിയായാൽ മതി.

ശ്രീ. കെ. രാജൻ: സർ, മണൽ വാരൽ ആരംഭിക്കാൻ നിലവിൽ നടപടികൾ പൂർത്തീകരിച്ച സാഹചര്യത്തിൽ, കടവ് കമ്മിറ്റികൾ രൂപീകരിച്ച് എൽ.എസ്.ജി.ഡി.-യുമായി സഹകരിച്ച് ഇക്കാര്യം നടപ്പ്ാക്കാൻ നേതൃത്വം നൽകുമോയെന്നതാണ് എന്റെ ചോദ്യം.

ജലവിഭവ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. മോൻസ് ജോസഫ്): സർ, കേരളത്തിൽ കല്ലായിപ്പുഴ ഒഴികെയുള്ള 43 നദികളിൽ പഠനം നടത്തുകയുണ്ടായി. മൂന്നുകോടി രൂപയിലധികം വില വരുന്ന മണൽ നദികൾക്കുള്ളിൽ അടിഞ്ഞുകിടക്കുകയാണ്. കടവ് കമ്മിറ്റി രൂപീകരിക്കുന്നതിനെക്കുറിച്ച് ബഹുമാനപ്പെട്ട അംഗം പറഞ്ഞകാര്യം ശരിയാണ്. കടവ് കമ്മിറ്റികളുടെ രൂപീകരണവുമായി ബന്ധപ്പെട്ട കാര്യങ്ങൾ ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രി വിശദീകരിക്കുന്നതാണ്.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. എ. പി. അനിൽകുമാർ): സർ, മണൽവാരലുമായി ബന്ധപ്പെട്ട കാര്യമാണ് ബഹുമാനപ്പെട്ട അംഗങ്ങൾ ഇവിടെ സൂചിപ്പിക്കുന്നത്. സാൻഡ് ബൻഡ് (Sand bund) ഉയരുന്നതും

വെള്ളത്തിന്റെ ക്യാരിയിങ് കപ്പാസിറ്റി (Carrying capacity) കുറയുന്നതുമാണ് വെള്ളപ്പൊക്കം ഉണ്ടാകുന്നതിന് പ്രധാന കാരണങ്ങളിൽ ഒന്നായി വിലയിരുത്തപ്പെടുന്നത്. അതുകൊണ്ട് മഴ കഴിഞ്ഞാലുടൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ യോഗം ചേരുന്നതും അതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ നടത്തുന്നതുമാണ്. മണൽ വാരലുമായി ബന്ധപ്പെട്ട് ഒരു നീണ്ട പ്രോസസ്സുണ്ട്. ആ പ്രോസസ്സിൽ വ്യവസായ വകുപ്പിന്റെയും പാരിസ്ഥിതിക വകുപ്പിന്റെയും അംഗീകാരം ലഭ്യമാകാനുണ്ട്. അതുകൂടി ലഭ്യമാക്കാനുള്ള പ്രവർത്തനങ്ങൾ നടത്തുന്നുണ്ട്. സാൻഡ് മൈനിങ് അംഗീകാരം ലഭിച്ച നദികളിൽ ഡിസംബർ അവസാനത്തോടുകൂടിയോ ജനുവരി ആദ്യമോ മണൽ വാരാൻ കഴിയുമെന്ന് സഭയ്ക്ക് ഉറപ്പുനൽകുകയാണ്. അതോടൊപ്പം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേന മണൽ വാരുന്നതിന് ഏകദേശം 185 കടവുകളാണ് അംഗീകാരത്തിനായി കണ്ടെത്തിയിട്ടുള്ളത്. ടി കടവുകൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ ഏൽപ്പിക്കാനും തീരുമാനിച്ചിട്ടുണ്ട്. അതിന്റെ ഓപ്പറേഷണൽ പാർട്ടാണ്. അംഗീകാരം കഴിയുന്നതോടുകൂടി ടി

നടപടി പൂർത്തീകരിക്കും. ഏതായാലും മണൽ വന്നുനിറഞ്ഞ് വെള്ളപ്പൊക്കം ഉണ്ടാകുന്നതിന്റെ കാരണങ്ങളിലൊന്ന് മാറ്റുന്നതിനുവേണ്ടിയുള്ള നടപടി സർക്കാരിന്റെ ഭാഗത്തുനിന്ന് എത്രയും പെട്ടെന്നുണ്ടാകുന്നതാണ്.

<u>മി. സ്പീക്കർ</u>: ബഹുമാനപ്പെട്ട മിനിസ്റ്റർ ഒരുകാര്യംകൂടി അങ്ങ് ശ്രദ്ധിക്കണം. തിരു-കൊച്ചി പ്രദേശത്തെ ഏറ്റവും പ്രധാനപ്പെട്ട കായലായ വേമ്പനാട് കായലിലേയ്ക്ക് അഞ്ച് നദികളാണ് വന്ന് പതിക്കുന്നത്. ആ അഞ്ച് നദികളുടെയും വെള്ളം ഒരുമിച്ച് വേമ്പനാട് കായലിന് ഉൾക്കൊള്ളാൻ സാധിക്കുന്നില്ല. അങ്ങനെ വരുമ്പോൾ വെള്ളം ഫയർബാക്ക് ചെയ്യുകയാണ്. പണ്ട് കാലങ്ങളിൽ വെള്ളപ്പൊക്കം ഉണ്ടായാൽ വെള്ളം ഒഴുകിപ്പോകുകയോ വേലിയിറക്കം വരുമ്പോൾ കടലെടുത്തുപോകുകയോ ചെയ്യുമായിരുന്നു. എന്നാൽ ഇപ്പോൾ വെള്ളം അവിടെത്തന്നെ തടഞ്ഞുകിടക്കുകയും ആ പ്രദേശം മുഴുവൻ വെള്ളത്തിനടിയിലാവുകയും ചെയ്യുന്നു. അതുകൊണ്ട് ഇതിനെക്കുറിച്ച് വകുപ്പുമന്ത്രിമാരുമായി ആലോചിച്ച് വളരെ സമഗ്രമായൊരു പദ്ധതിയുണ്ടാക്കി ഈ പ്രദേശത്തെ രക്ഷിക്കുന്നതിനുവേണ്ടിയുള്ള നടപടി

സ്വീകരിക്കുമോയെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് അഭ്യർഥിക്കുകയാണ്.

മുഖ്യമന്ത്രി (ശ്രീ. വി. ഡി. സതീശൻ): സർ, മധ്യകേരളത്തെ മുഴുവൻ ബാധിക്കുന്ന ഒരു പ്രധാനപ്പെട്ട വിഷയമാണ് ബഹുമാനപ്പെട്ട സ്പീക്കർ ഇവിടെ ഉന്നയിച്ചിരിക്കുന്നത്. കോട്ടയം ജില്ല മാത്രമല്ല, പത്തനംതിട്ട, ആലപ്പുഴ, എറണാകുളം എന്നീ നാല് ജില്ലകളെ ബാധിക്കുന്ന ഗൗരവതരമായ പ്രശ്നമാണ്. കാരണം വേമ്പനാട് കായലിൽ എല്ലാ നദികളും വന്നുചേരുന്ന സ്ഥലത്തുനിന്ന് കടലിലേക്ക് വെള്ളത്തിന്റെ നീരൊഴുക്ക് കൃത്യമായി ഉണ്ടാകുന്നില്ല, പല സ്ഥലങ്ങളിലും വെള്ളം കെട്ടിക്കിടക്കുകയാണ്. ഈ സ്ഥിതി തുടർന്നാൽ കുട്ടനാട് വെള്ളത്തിനടിയിലാകുന്ന സാഹചര്യമുണ്ടാകും. കുട്ടനാട് മാത്രമല്ല, അപ്പർ കുട്ടനാട് കൂടി അപകടകരമായൊരു സ്ഥിതിവിശേഷത്തിലേക്ക് പോകുന്ന ദൗർഭാഗ്യകരമായ സാഹചര്യമാണ് നിലവിലുള്ളത്. മാത്രമല്ല, ആ പ്രദേശത്തുള്ള മുഴുവൻ കൃഷിയും നശിച്ചുപോകുകയാണ്. ആളുകൾക്ക് ജീവിക്കാൻ നിവൃത്തിയില്ലെന്ന് മാത്രമല്ല

കുട്ടനാടിൽനിന്നും ആളുകൾ പലായനം ചെയ്യുന്ന അവസ്ഥയാണ്. ബഹുമാനപ്പെട്ട സ്പീക്കർ ചൂണ്ടിക്കാണിച്ചതുപോലെ ഗുരുതരമായൊരു പാരിസ്ഥിതിക പ്രശ്നം വെള്ളത്തിന്റെ നീരൊഴുക്കുമായി ബന്ധപ്പെട്ട് ഉണ്ടാകുന്നുണ്ട്. എ.സി. റോഡ് പണി പൂർത്തിയായാൽ പ്രശ്നമുണ്ടാവില്ലെന്നാണ് പറയുന്നത്, എന്നാൽ എ.സി. റോഡും വെള്ളത്തിൽ മുങ്ങിയിരിക്കുകയാണ്. ഈ കഴിഞ്ഞ മഴയിൽ എ.സി. റോഡ് മുഴുവനും വെള്ളത്തിനടയിലായിരുന്നു. വളരെ ദീർഘവീക്ഷണത്തോടും ആസൂത്രിതവുമായൊരു പ്രോജക്റ്റ് വേമ്പനാട് കായലിന്റെ നവീകരണത്തിനുവേണ്ടി ഉണ്ടായേ മതിയാകൂ. 'സ്വാമിനാഥൻ കമ്മീഷൻ' റിപ്പോർട്ടിലെ ചില കാര്യങ്ങൾ ഭാഗികമായി മാത്രമെ ചെയ്തിട്ടുള്ളൂ. കുഫോസിന്റെ സ്ഥാപക വൈസ് ചാൻസലറായിരുന്ന ഡോ. ബി. മധുസൂദനക്കുറുപ്പിന്റെ ഒരു പുസ്തകം ഇതുസംബന്ധിച്ചുമാത്രം പുറത്തിറങ്ങിയിട്ടുണ്ട്. എം. എസ്. സ്വാമിനാഥൻ കമ്മീഷനും അതുപോലെ ഡോ. ബി. മധുസൂദനക്കുറുപ്പ് സാറിന്റെ നേതൃത്വത്തിലും വളരെ ഗൗരവത്തോടുകൂടിയ ഒരു പഠനം നടത്തിയിട്ടുണ്ട്. വളരെ ഗൗരവതരമായ ഈ

വിഷയം അങ്ങ് സൂചിപ്പിച്ചതുപോലെ സർക്കാർ ഒരു പ്രയോരിറ്റി നൽകി ചർച്ച ചെയ്ത് കൃത്യമായ പദ്ധതിയുണ്ടാക്കി സമയബന്ധിതമായി, ഈ മേഖലയെ, പ്രത്യേകിച്ച് കാർഷിക മേഖലയെ രക്ഷപ്പെടുത്താനുള്ള ശ്രമങ്ങൾ നടത്തുമെന്ന് ഞാൻ ഈ സഭയ്ക്ക് ഉറപ്പുനൽകുകയാണ്.

മി. സ്പീക്കർ: നിരവധി അംഗങ്ങൾ ഉപചോദ്യം ചോദിക്കാനായി കൈ ഉയർത്തിയിട്ടുണ്ട്. പക്ഷെ, പതിനഞ്ച് മിനിറ്റ് അനുവദിക്കേണ്ട ചോദ്യത്തിന് ഇരുപത്തിയഞ്ച് മിനിറ്റിനപ്പുറം കടന്നിരിക്കുകയാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞതിന് അനുബന്ധമായിത്തന്നെ പറയുകയാണ്, നിയമസഭാംഗങ്ങളെ ഉൾപ്പെടുത്തി ഇതുമായി ബന്ധപ്പെട്ട കാര്യങ്ങളെക്കുറിച്ച് ചർച്ച ചെയ്യാനായി മറ്റൊരു അവസരമൊരുക്കാം. ഉപചോദ്യത്തിനകത്ത് ഇതെല്ലാംകൂടി ഉൾപ്പെടുത്താൻ കഴിയില്ല.

**ഭിന്നശേഷിക്കാർക്കുള്ള വിവിധ പദ്ധതികൾ**

3(*63) ശ്രീ. കല്ലട മാഹിൻ:
ശ്രീ. എം. എ. റസാഖ് മാസ്റ്റർ:
ശ്രീമതി ഫാത്തിമ തഹിലിയ:

*Question Hour*

ശ്രീ. എം. റഹ്മത്തുള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം - സാമൂഹ്യനീതി വകുപ്പ്ുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭിന്നശേഷിക്കാർക്കുള്ള വിവിധ പദ്ധതികളുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) മുൻ സർക്കാരിന്റെ കാലയളവിൽ വിവിധ പദ്ധതികൾക്കായി നൽകേണ്ട തുകയിൽ കുടിശ്ശിക ഉണ്ടായിട്ടുണ്ടോ; വിശദമാക്കാമോ;

(സി) പ്രസ്തുത കുടിശ്ശിക തുക എന്നത്തേക്ക് പൂർണ്ണമായും വിതരണം ചെയ്യാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

മത്സ്യബന്ധനം-സാമൂഹ്യനീതി വകുപ്പുമന്ത്രി (ശ്രീ. വി. ഇ. അബ്ദുൽ ഗഫൂർ): സർ,

(എ) വിലയിരുത്തിയിട്ടുണ്ട്. ഭിന്നശേഷിക്കാർക്കായി സാമൂഹ്യനീതി വകുപ്പിൻ കീഴിൽ നടപ്പാക്കിവരുന്ന വിവിധ പദ്ധതികളുടെ വിശദാംശം അനുബന്ധമായി ചേർക്കുന്നു+.

+ അനുബന്ധമായി ചേർക്കുന്നു.

ഭിന്നശേഷിക്കാർക്കുവേണ്ടി സാമൂഹ്യനീതി വകുപ്പ് നേരിട്ട് നടത്തുന്ന പദ്ധതികളുടേയും എൻ.ജി.ഒ.-കളുടെ സഹകരണത്തോടെ നടത്തുന്ന പദ്ധതികളുടേയും പ്രവർത്തനങ്ങൾ ബന്ധപ്പെട്ട ജില്ലാ സാമൂഹ്യനീതി ഓഫീസർമാർ നേരിട്ട് വിലയിരുത്തുകയും ആവശ്യമായ മാറ്റങ്ങൾ വരുത്തുകയും ചെയ്തുവരുന്നു. കൂടാതെ Initiatives of the Government of Kerala to protect the rights & welfare of persons with Disabilities എന്ന ഒരു evaluation study Centre for Socio-economic and Environmental Studies എന്ന സ്ഥാപനത്തിന്റെ സഹകരണത്തോടെ 2016- ൽ സാമൂഹ്യനീതി വകുപ്പ് നടത്തിയിരുന്നു.

2016-ലെ ഭിന്നശേഷി അവകാശ സംരക്ഷണ നിയമത്തിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്ത് നടത്തിവരുന്ന വിവിധ ക്ഷേമപദ്ധതികൾ ഗുണഭോക്താക്കൾക്ക് പ്രയോജനകരമാകുന്നുണ്ടോ എന്നത് വിലയിരുത്തുന്നതിനും നിയമത്തിൽ പറയുന്ന വിവിധ വിഷയങ്ങളിൽ ഇനിയും നടപടികൾ സ്വീകരിക്കാനുള്ളത് കണ്ടെത്തി തുടർനടപടികൾ സ്വീകരിക്കുന്നതിനുമായി സർക്കാരിന്റെ 100 ദിന കർമ്മ പരിപാടിയിൽ

ഉൾപ്പെടുത്തി ഒരു പഠനം നടത്താൻ നടപ്പുവർഷം തീരുമാനിച്ചതുപ്രകാരം ആയതിന്റെ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്.

(ബി&സി) മുൻ സർക്കാരിന്റെ കാലയളവിൽ സാമൂഹ്യനീതി വകുപ്പ് നടപ്പാക്കുന്ന ഭിന്നശേഷിക്കാർക്കായുള്ള വിവിധ പദ്ധതികൾക്ക് തുക അനുവദിച്ചിരുന്നെങ്കിലും സർക്കാരിൽനിന്നും സീലിങ് ലിമിറ്റ് എൻഹാൻസ് ചെയ്ത് ലഭിക്കാത്തതിനാൽ ഫണ്ട് അനുവദിക്കുവാൻ കഴിഞ്ഞിരുന്നില്ല. വിശദാംശം അനുബന്ധമായി ചേർക്കുന്നു+.

<u>ശ്രീ. കല്ലട മാഹിൻ</u>: സർ, ഭിന്നശേഷിക്കാർക്ക് മെഡിക്കൽ സർട്ടിഫിക്കറ്റ് ലഭ്യമാക്കുന്നതിനായി കാലതാമസം ഒഴിവാക്കുന്നതിനായി ജില്ലാതലത്തിൽ ഒരു മെഡിക്കൽ ക്യാമ്പ് സംഘടിപ്പിക്കാനുള്ള സംവിധാനമേർപ്പെടുത്തുമോ?

<u>ശ്രീ. വി. ഇ. അബ്ദുൽ ഗഫൂർ</u>: സർ, ഭിന്നശേഷിക്കാരുടെ ഏറെ നാളത്തെ ഒരാവശ്യമാണിത്. ഇവർക്ക് യാത്ര ചെയ്ത് അതത് കേന്ദ്രങ്ങളിലെത്തി സർട്ടിഫിക്കറ്റ് വാങ്ങുന്നതിന് ഏറെ ബുദ്ധിമുട്ടുകൾ

---

\+ അനുബന്ധമായി ചേർക്കുന്നു.

നേരിടുന്നുണ്ട്. മെഡിക്കൽ ക്യാമ്പ് നടത്തി സർട്ടിഫിക്കറ്റ് നൽകാൻ സാധിക്കുമോയെന്ന കാര്യം പരിശോധിക്കാം.

<u>ശ്രീ. കല്ലട്ര മാഹിൻ</u>: സർ, കാസർഗോഡ് ജില്ലയിലെ എൻഡോസൾഫാൻ ദുരിതബാധിതർക്ക് നൽകിവരുന്ന മരുന്നുവിതരണം ഉൾപ്പെടെയുള്ള ചികിത്സാ ആനുകൂല്യങ്ങൾ മുടങ്ങിക്കിടക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇക്കാര്യം ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തിയപ്പോൾ ഇതിനായി 14.4 കോടി രൂപ അനുവദിച്ചെങ്കിലും അത് ലഭ്യമാക്കാനുള്ള ചില തടസ്സങ്ങൾ നിലനിൽക്കുന്നുണ്ട്. അത് മാറ്റാനുള്ള സംവിധാനമൊരുക്കാമോ; മൂന്നുവർഷമായി മുടങ്ങിക്കിടക്കുന്ന എൻഡോസൾഫാൻ റിലീഫ് ആൻഡ് റെമഡിയേഷൻ സെൽ പുനഃസ്ഥാപിക്കാൻ സാധിക്കുമോ; അതിൽ ബഹുമാനപ്പെട്ട മന്ത്രി ചെയർമാനും ജില്ലാ കളക്ടർ കൺവീനറുമാണ്.

മി. സ്പീക്കർ: ഒരു ഉപചോദ്യത്തിൽ മൂന്ന് ചോദ്യങ്ങളാണ്. വൺ ഇൻ ത്രീയാണ്. അതിൽ ബഹുമാനപ്പെട്ട വകുപ്പുമന്ത്രിക്ക് ഇഷ്ടപ്പെട്ട ചോദ്യത്തിന് ഉത്തരം നൽകാവുന്നതാണ്.

ശ്രീ. വി. ഇ. അബ്ദുൽ ഗഫൂർ: സർ, ബഹുമാനപ്പെട്ട നിയമസഭാംഗം എൻഡോസൾഫാൻ റിലീഫ് ആൻഡ് റെമഡിയേഷൻ സെൽ പുന:സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രിയുമായി സംസാരിച്ചിട്ടുണ്ട്. തീർച്ചയായും ഉടൻതന്നെ നടപടി സ്വീകരിക്കുന്നതാണ്.

ശ്രീ. എം. എ. റസാഖ് മാസ്റ്റർ: സർ, സംസ്ഥാനത്ത് ഭിന്നശേഷിക്കാരായ എത്രപേരുണ്ടെന്നതിന്റെ വ്യക്തമായ കണക്ക് ലഭ്യമാണോ; ഇന്ത്യയിൽ രണ്ട് ശതമാനത്തോളം ഭിന്നശേഷിക്കാർ ഉണ്ടെന്നാണ് കണക്കുകൾ വ്യക്തമാക്കുന്നത്. അതിന്റെ അടിസ്ഥാനത്തിൽ എന്റെ നിയോജകമണ്ഡലത്തിലെ ഭിന്നശേഷിക്കാരുടെ വിവരം ശേഖരിച്ചുകൊണ്ടിരിക്കുകയാണ്. ഹെൽത്തി കുന്ദമംഗലം എന്ന ഒരു

പ്രോജക്ട് ചെയ്തുകൊണ്ടിരിക്കുന്ന സാഹചര്യത്തിൽ വിശദമായൊരു പഠനം നടത്തി ഇനം തിരിച്ചുള്ള വിവരശേഖരണം നടത്തിയിട്ടുണ്ടോ; എങ്കിൽ എത്രയെന്ന് വ്യക്തമാക്കാമോ?

ശ്രീ. വി. ഇ. അബ്ദുൽ ഗഫൂർ: സർ, അതിനൊരു പുതിയ പഠനം ആവശ്യമാണ്. അതിനുവേണ്ടിയുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്.

ശ്രീമതി ഫാത്തിമ തഹിലിയ: സർ, ഭിന്നശേഷിക്കാരുടെ പരിചരണം കുടുംബത്തിന്റെ മാത്രം ഉത്തരവാദിത്വമായി തുടരുന്ന സാഹചര്യം മാറ്റാൻ പരിചരണം നൽകുന്ന കുടുംബാംഗങ്ങൾക്കും വിശ്രമത്തിനും മാനസികാശ്വാസത്തിനും അവകാശമുണ്ടെന്ന് അംഗീകരിച്ചുകൊണ്ട് റെസ്പിറ്റ് കെയർ (Respite Care)-നെ സ്ഥിരവും അവകാശാധിഷ്ഠിതവുമായ സേവനമാക്കി മാറ്റാൻ സർക്കാർ എന്ത് നടപടികളാണ് സ്വീകരിക്കുന്നത്?

ശ്രീ. വി. ഇ. അബ്ദുൽ ഗഫൂർ: സർ, ഭിന്നശേഷിക്കാരുടെ മാതാപിതാക്കൾ അനുഭവിക്കുന്ന പ്രശ്നങ്ങൾ നിരവധിയാണ്. ഏറ്റവും കൂടുതൽ ബുദ്ധിമുട്ട് നേരിടുന്നത് ഭിന്നശേഷിക്കാരുടെ മാതാപിതാക്കളാണ്.

അവർക്കുവേണ്ടിയുള്ള വിവിധ പദ്ധതികൾ പ്രഖ്യാപിച്ചിട്ടുണ്ട്. ഭിന്നശേഷിക്കാരായ കുട്ടികളെയും വ്യക്തികളെയും സംരക്ഷിക്കുന്ന മാതാപിതാക്കൾക്ക് ആശ്വാസമേകാനായി 'അൻപുവീട്' എന്ന പദ്ധതി പ്രഖ്യാപിച്ചിട്ടുണ്ട്. ഭിന്നശേഷിക്കാരായ കുട്ടികളുടെ മാതാപിതാക്കൾക്ക് അത്യാവശ്യഘട്ടങ്ങളിൽ പുറത്തുപോകാനുള്ള സൗകര്യമൊരുക്കുന്നതിന്റെ ഭാഗമായി അവരുടെ കുട്ടികളെ സംരക്ഷിക്കാൻ ദിവസേന 1500 രൂപ നൽകിക്കൊണ്ട് എൻ.ജി.ഒ.-കളേയും കുട്ടികളെ സംരക്ഷിക്കാൻ തയ്യാറുള്ള കുടുംബങ്ങളേയും ഉൾപ്പെടുത്തി എംപാനൽ ചെയ്തുകൊണ്ട് അത്തരം സംവിധാനങ്ങൾ ഒരുക്കിയിട്ടുണ്ട്. അതുപോലെ കൂടുതൽ സംവിധാനങ്ങൾ ആവശ്യമാണെങ്കിൽ അക്കാര്യം പരിശോധിച്ച് നടപ്പാക്കുന്നതാണ്.

<u>ശ്രീ. എം. റഹ്മത്തുള്ള</u>: സർ, ഭിന്നശേഷിക്കാർക്കുള്ള ദേശീയ തിരിച്ചറിയൽ കാർഡായ യു.ഡി.ഐ.ഡി. ലഭിക്കുന്നതിന് പൊതുവിൽ കാലതാമസം നേരിടാറുണ്ട്. മാത്രമല്ല, അക്ഷയകേന്ദ്രങ്ങളിൽ പോയി അപേക്ഷ നൽകാൻ സാധിക്കാത്ത ആളുകൾ വീടുകളിലെത്തി ടി നടപടി

പൂർത്തികരിക്കണമെന്ന് ആവശ്യപ്പെടുകയാണ്. അങ്ങനെ ചെല്ലുമ്പോൾ ഭിന്നശേഷിക്കാർക്ക് വലിയ സാമ്പത്തിക ബാധ്യത നേരിടേണ്ടി വരുന്നുണ്ട്. ആ സാമ്പത്തിക ബാധ്യത ഒഴിവാക്കാൻ സർക്കാർ നടപടി സ്വീകരിക്കുമോ?

ശ്രീ. വി. ഇ. അബ്ദുൽ ഗഫൂർ: സർ, പ്രസ്തുത വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്; പരിശോധിച്ച് ആവശ്യമായ നടപടി സ്വീകരിക്കാം.

ശ്രീ. വി. കെ. സനോജ്: സർ, ഭിന്നശേഷിക്കാരായ കുട്ടികൾക്ക് കൂടുതൽ പരിശീലനവും പരിഗണനയും ഉറപ്പാക്കാൻ ലക്ഷ്യമിട്ട് പ്രവർത്തിക്കുന്ന എം.സി.ആർ.സി.-കൾ ശക്തിപ്പെടുത്താനുള്ള പ്രത്യേക പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; എം.സി.ആർ.സി.-കൾക്ക് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതിയിലുൾപ്പെടുത്തി ഫണ്ട് നൽകാൻ കഴിയുമോ; ബഡ്സ് വിദ്യാലയങ്ങളിൽ പ്രവേശനം ലഭിച്ച വിദ്യാർത്ഥികളിൽ നിശ്ചിത പ്രായപരിധി കഴിയുന്നവരെ പുനരധിവസിപ്പിക്കുന്നതുമായി ബന്ധപ്പെട്ട പ്രശ്നം നിലനിൽക്കുന്നുണ്ട്. അതിനെക്കുറിച്ച് സർക്കാർ ആലോചിച്ചിട്ടുണ്ടോ?

*Question Hour*

ശ്രീ. വി. ഇ. അബ്ദുൽ ഗഫൂർ: സർ, നിശ്ചിത പ്രായം കഴിഞ്ഞ ബഡ്സ് സ്കൂൾ വിദ്യാർഥികളെ സംരക്ഷിക്കുന്നതിന് നിലവിൽ മൂന്ന് കേന്ദ്രങ്ങളാണുള്ളത്. കൂടുതൽ കേന്ദ്രങ്ങൾ ആവശ്യമുണ്ടോ എന്നത് പരിശോധിച്ച് ആവശ്യമായ നടപടി സ്വീകരിക്കാം.

ശ്രീമതി കെ. കെ. രമ: സർ, വയോജനങ്ങൾക്ക് പ്രത്യേക ബിൽ കൊണ്ടുവന്ന മഹത്തായ ഒരു സഭയാണിത്. അതുപോലെതന്നെ ഭിന്നശേഷി വിഭാഗങ്ങൾക്ക് പ്രത്യേക പരിഗണന നൽകുകയും അവർക്ക് ആവശ്യമായ കാര്യങ്ങൾ ചെയ്യാനും ശ്രദ്ധിക്കണമെന്നുകൂടി സൂചിപ്പിക്കുകയാണ്. പല ഭിന്നശേഷി സ്കൂളുകളും നാട്ടുകാരുടെയോ സന്നദ്ധ സംഘടനകളുടെയോ സഹായത്തോടുകൂടിയാണ് പ്രവർത്തിക്കുന്നത്. അതുകൊണ്ടുതന്നെ അവർക്കാവശ്യമായ പല കാര്യങ്ങളും ലഭ്യമാകുന്നില്ല. എന്റെ നിയോജക മണ്ഡലത്തിൽ വിവ (Viwa special school) സ്പെഷ്യൽ സ്കൂൾ പ്രവർത്തിക്കുന്നുണ്ട്. പതിനെട്ട് വയസ്സിനുമുകളിലും അതിന് താഴെയുമുള്ള ഏകദേശം എൺപത്തിയേഴിലധികം കുട്ടികൾ ആ സ്കൂളിൽ പഠിക്കുന്നുണ്ട്. പക്ഷേ ഈ കുട്ടികളെ പരിചരിക്കാനും മുന്നോട്ടുകൊണ്ടുപോകാനും ഇത്തരം

സ്ഥാപനങ്ങൾ വലിയ പ്രയാസം നേരിടുന്നുണ്ട്. പലരുടെയും സഹായത്താലാണ് ഈ സ്ഥാപനങ്ങൾ നടത്തിക്കൊണ്ടുപോകുന്നത്. ഇത്തരം വിദ്യാർത്ഥികൾക്ക് സഹാനുഭൂതിയല്ല, അർഹമായ പരിഗണനയും അവകാശങ്ങളുമാണ് വേണ്ടത്. ഇതുപോലെ പ്രവർത്തിക്കുന്ന വിദ്യാലയങ്ങൾക്ക് എയ്ഡഡ് പദവി നൽകി മുന്നോട്ടു കൊണ്ടുപോകാനാവശ്യമായ സഹായം നൽകാൻ സർക്കാർ തീരുമാനമുണ്ടാകുമോ; ഉമ്മൻചാണ്ടി സർക്കാരിന്റെ കാലത്ത് മന്ത്രിസഭ അംഗീകരിച്ച് അത്തരമൊരു തീരുമാനമെടുത്തെങ്കിലും പിന്നീടത് നടപ്പാക്കാൻ കഴിഞ്ഞില്ല. ഇത്തരം വിദ്യാലയങ്ങൾക്ക് എയ്ഡഡ് പദവി നൽകാനാവശ്യമായ നടപടി സർക്കാർ സ്വീകരിക്കുമോ?

<u>ശ്രീ. വി. ഇ. അബ്ദുൽ ഗഫൂർ</u>: സർ, വലിയ സാമ്പത്തിക ബാധ്യത ഉണ്ടാകുന്ന കാര്യമായതിനാൽ ഇക്കാര്യം സർക്കാർതലത്തിൽ ആലോചിച്ച് തീരുമാനമെടുക്കേണ്ട വിഷയമാണ്. ആയത് പരിശോധിക്കാം.

<u>ശ്രീ. പി. എ. മുഹമ്മദ് റിയാസ്</u>: സർ, വയോജനങ്ങളിൽ വാർധക്യ സഹജമായുണ്ടാകുന്ന അവസ്ഥകളെന്നത് ഭിന്നശേഷിത്വപരമായിക്കൂടി

ചേർത്തുവയ്ക്കേണ്ട ഒരു പ്രശ്നമാണ്. കേരളത്തിലെ ജനസംഖ്യയുടെ വലിയൊരു ശതമാനവും വയോജനങ്ങളാണ്. കാഴ്ച, കേൾവിക്കുറവ്, ചലനപരിമിതി തുടങ്ങിയ പ്രശ്നങ്ങൾ അവർ നേരിടുന്നുണ്ട്. ഇവർക്ക് വിദേശരാജ്യങ്ങളിൽ ഉള്ളതുപോലുള്ള പ്രത്യേക ശാസ്ത്രീയ സമീപനം ആവശ്യമാണ്. അസിസ്റ്റീവ് ടെക്നോളജിയുടെ ഉപയോഗം ഏറ്റവും ഗുണകരമാകുന്ന ഒരു മേഖലകൂടിയായതിനാൽ എന്തൊക്കെ ചെയ്യാൻ സാധിക്കുമെന്നത് തീർച്ചയായും പരിശോധിക്കേണ്ടതാണ്. ഗുരുതര ഭിന്നശേഷിയുള്ള വയോജനങ്ങളെ വീട്ടിൽ പരിചരിക്കുന്ന കുടുംബങ്ങൾക്ക് പരിശീലനം, സാമ്പത്തിക സഹായം, പരിചരണ ഉപകരണങ്ങൾ എന്നിവ ലഭ്യമാക്കാൻ സർക്കാർ എന്ത് നടപടിയാണ് സ്വീകരിച്ചുവരുന്നത്?

<u>ശ്രീ. വി. ഇ. അബ്ദുൽ ഗഫൂർ</u>: സർ, ഈ രംഗത്ത് പുതിയ ടെക്നോളജികൾ ഉപയോഗപ്പെടുത്തേണ്ടതാണ്. അത്തരം ടെക്നോളജികളുണ്ടെങ്കിൽ ആയത് പരിശോധിച്ച് നടപ്പാക്കാം.

<u>ശ്രീ. സജീവ് ജോസഫ്</u>: സർ, കേരളം ഭിന്നശേഷി സൗഹൃദമാക്കുന്നതിന്റെ ഭാഗമായി സർവതല സ്പർശിയായ പദ്ധതികൾ

നടപ്പാക്കേണ്ടത് ആവശ്യമാണ്. പതിനെട്ട് വയസ്സിനുമുകളിലുള്ള ഭിന്നശേഷിക്കാർക്കായി പഞ്ചായത്ത് അടിസ്ഥാനത്തിൽ ഒരു ഷെൽട്ടർ രൂപപ്പെടുത്താൻ സാധിച്ചാൽ അവർക്ക് ഒത്തുകൂടാനും ഒറ്റപ്പെടൽ ഒഴിവാക്കാനും തൊഴിലവസരവും തൊഴിൽ പരിശീലനവും പ്ലേസ്മെന്റുമെല്ലാം ഉറപ്പാക്കാനും സാധിക്കും. ഭിന്നശേഷികുട്ടികളുടെ സംരക്ഷണം എന്നതിൽ മാതാപിതാക്കന്മാരുടെ സംരക്ഷണം തന്നെയാണ് ഏറ്റവും പ്രധാനം. അവർക്കായി ഒരു ഷെൽട്ടർ പഞ്ചായത്ത് അടിസ്ഥാനത്തിൽ സ്ഥാപിക്കുന്ന കാര്യം പരിശോധിക്കുമോ?

<u>ശ്രീ. വി. ഇ. അബ്ദുൽ ഗഫൂർ</u>: സർ, നേരത്തെ സമാനമായ ചോദ്യം ഉന്നയിച്ചിരുന്നു. ഇപ്പോൾ മൂന്ന് കേന്ദ്രങ്ങളാണ് വകുപ്പിന്റെ കീഴിലുള്ളത്. തീർച്ചയായും ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചതുപോലെ പതിനെട്ട് വയസ്സിനുമുകളിലുള്ള ഭിന്നശേഷിക്കാരായ കുട്ടികൾക്ക് പഞ്ചായത്ത് അടിസ്ഥാനത്തിൽ ഷെൽട്ടർ നിർമ്മിക്കുന്ന കാര്യം മുന്നോട്ട് കൊണ്ടുപോകാൻ കഴിയുമോയെന്ന് പരിശോധിക്കാം.

*Question Hour*

ശ്രീ. മാണി സി. കാപ്പൻ: സർ, ഒളിമ്പിക്സിൽ മെഡൽ നേടിയ കുട്ടികൾക്ക് ആദരവ്, ക്യാഷ് അവാർഡ് നൽകാൻ നടപടി സ്വീകരിക്കുമോ?

ശ്രീ. വി. ഇ. അബ്ദുൽ ഗഫൂർ: ബഹുമാനപ്പെട്ട അംഗത്തിന്റെ നിർദ്ദേശം പരിഗണിക്കാം.

ശ്രീ. എ. കെ. എം. അഷ്റഫ്: സർ, കാസർഗോഡ് ജില്ലയിലെ മഞ്ചേശ്വരം നിയോജകമണ്ഡലം അതിർത്തിയിലാണ്. അവിടെയുള്ള ആളുകൾക്ക് ഭിന്നശേഷി സർട്ടിഫിക്കറ്റ് ലഭിക്കുന്നതിനുവേണ്ടി ആഴ്ചയിൽ ഒരു ദിവസം കാഞ്ഞങ്ങാട് പോയാണ് ഹാജരാകേണ്ടത്. ഞാൻ കഴിഞ്ഞ ഡി.ഡി.സി.-യിൽ ഇത് സംബന്ധിച്ച ഒരാവശ്യം ഉന്നയിച്ചപ്പോൾ 3000 ആളുകൾ ഇപ്പോൾ പെൻഡിങ്ങായി നിൽക്കുകയാണ് എന്നാണ് മനസ്സിലാക്കാൻ കഴിഞ്ഞത്. പെൻഷനും മറ്റ് ആനുകൂല്യങ്ങൾക്കുംവേണ്ടി, ഒരു അദാലത്ത് വച്ച് ജില്ലയിലെ ഡാറ്റ ശേഖരിച്ച് സമ്പൂർണ്ണമായി എല്ലാവർക്കും സർട്ടിഫിക്കറ്റ് വിതരണം ചെയ്യുന്ന രീതിയിൽ ഒരു

കാമ്പെയിൻ കൊണ്ടുവന്ന് ഭിന്നശേഷിക്കാരുടെ ഈ രൂക്ഷമായ പ്രശ്നം പരിഹരിക്കാൻ സാധിക്കുമോ എന്നതാണ് എന്റെ ചോദ്യം.

ശ്രീ. വി. ഇ. അബ്ദുൽ ഗഫൂർ: സർ, മുമ്പ് ബഹുമാനപ്പെട്ട അംഗം ജില്ലാ കളക്ടറുമായി ഇക്കാര്യം ചർച്ച ചെയ്തതാണ്. തീർച്ചയായും ക്യാമ്പ് സംഘടിപ്പിക്കുന്നതിനെക്കുറിച്ച് ആലോചിക്കാം.

ശ്രീമതി വിദ്യാ ബാലകൃഷ്ണൻ: സർ, മിക്ക ഭിന്നശേഷി സ്കൂളുകൾക്കും സ്വന്തമായി വാഹനമില്ല. അവർക്ക് സ്വന്തമായി വാഹനം ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ?

ശ്രീ. വി. ഇ. അബ്ദുൽ ഗഫൂർ: സർ, ഭിന്നശേഷി സ്കൂളുകൾ എൽ.എസ്.ജി.ഡി. വകുപ്പിനുകീഴിൽ വരുന്നതാണ്. ഇക്കാര്യം ബഹുമാനപ്പെട്ട എൽ.എസ്.ജി.ഡി. വകുപ്പുമന്ത്രിയോട് സൂചിപ്പിക്കാം.

ശ്രീ. മനോജ് മൂത്തേടൻ: സർ, ത്രിതല പഞ്ചായത്തുകൾവഴി ഭിന്നശേഷിക്കാർക്ക് മുച്ചക്ര വാഹനങ്ങൾ വിതരണം ചെയ്യുന്ന പദ്ധതിയുണ്ട്. വളരെ ഫലപ്രദമായി നടക്കുന്ന ഒരു പദ്ധതിയാണ്. പക്ഷേ ഭിന്നശേഷിക്കാരായ ആളുകൾക്ക് മുച്ചക്ര വാഹനങ്ങൾ ലഭിക്കണമെങ്കിൽ

മിനിമം ലേണേഴ്സ് സർട്ടിഫിക്കറ്റെങ്കിലും വേണമെന്നത് ഒരു പോരായ്മയാണ്. പക്ഷേ ഇപ്പോൾ പല ആർ.ടി. ഓഫീസുകളിലും ലേണേഴ്സ് സർട്ടിഫിക്കറ്റുകൾ കൊടുക്കാൻ തയ്യാറാകുന്നില്ല. മുച്ചക്ര വാഹനങ്ങൾ സ്വന്തമായി ഉണ്ടെങ്കിൽ മാത്രമേ ലേണേഴ്സ് സർട്ടിഫിക്കറ്റ് നൽകുകയുള്ളൂ എന്ന ഒരു നിബന്ധനയാണ് ഇപ്പോഴുള്ളത്. അതിനാൽ പാവപ്പെട്ട ഭിന്നശേഷിക്കാരായ ആളുകൾക്ക് മുച്ചക്ര വാഹനങ്ങൾ ലഭിക്കുന്നതിന് ആവശ്യമായ അപേക്ഷകൾ കൊടുക്കുമ്പോൾ കൊടുക്കേണ്ടതായുള്ള ലേണേഴ്സ് സർട്ടിഫിക്കറ്റ് നൽകാത്ത ഒരു സാഹചര്യമുണ്ട്. അതിനാൽ ആർ.ടി. ഓഫീസുകളിൽ ഇതിനൊരു തീരുമാനമുണ്ടാകണം. രണ്ടാമത്തെകാര്യം, നിലവിൽ ആരോഗ്യവാനായ ഒരാൾ ആക്സിഡന്റുമൂലം കാല് മുറിച്ചുമാറ്റിയാൽ ഭിന്നശേഷിക്കാരായി മാറുകയാണ്. അവർക്ക് നിലവിൽ ലൈസൻസ് ഉണ്ടായിരിക്കും. എന്നാൽ അവർക്ക് വീണ്ടും മുച്ചക്ര വാഹനം ലഭിക്കണമെങ്കിൽ ഭിന്നശേഷിക്കാർക്കുള്ള ലൈസൻസ് വേണമെന്നുള്ള നിബന്ധനയും നിലവിലുണ്ട്. അത് അവർക്ക് പ്രായോഗിക ബുദ്ധിമുട്ടുണ്ടാക്കുകയാണ്. കാരണം നിലവിൽ ലൈസൻസ് ഉണ്ടായിരുന്ന മുച്ചക്ര വാഹനം ഓടിക്കാൻ കഴിയുന്ന ആളുകൾ അവർക്ക്

ലൈസൻസ് ഉള്ളപ്പോൾതന്നെ വീണ്ടും അത് മാറ്റി പുതിയ ലൈസൻസ് വേണമെന്നുള്ള നിർദേശമാണുള്ളത്. അതുകൊണ്ട് ടി നിബന്ധന ഒഴിവാക്കിയാൽ മാത്രമേ ലോട്ടറി വില്പനയെങ്കിലും ആരംഭിക്കാൻ കഴിയുന്ന മുച്ചക്ര വാഹനം ലഭിക്കുകയുള്ളൂ. തദ്ദേശ സ്വയംഭരണ വകുപ്പ്, സാമൂഹ്യനീതി വകുപ്പ്, ഗതാഗതവകുപ്പ് എന്നീ വകുപ്പുകൾ കൂടിച്ചേർന്ന് ഈ നിബന്ധനയിൽ മാറ്റം വരുത്തി ഭിന്നശേഷിക്കാരായ ആളുകൾക്ക് മുച്ചക്ര വാഹനം ലഭ്യമാക്കാനുള്ള നടപടി സ്വീകരിക്കണം, അതിന് സർക്കാർ നേതൃത്വം നൽകുമോ?

<u>ശ്രീ. വി. ഇ. അബ്ദുൽ ഗഫൂർ</u>: സർ, അത് ഗതാഗത വകുപ്പുമായി ബന്ധപ്പെട്ട വിഷയമാണ്. അപകടം സംഭവിച്ച ആളുകൾക്ക് ലൈസൻസ് ഉണ്ടെങ്കിലും അപകടം സംഭവിച്ചതിനുശേഷം ഡിസേബിൾഡ് ആകുമ്പോൾ ആയത് വീണ്ടും പരിശോധിക്കേണ്ടിവരുന്ന ഒരു സ്ഥിതിയുണ്ട്. ഗതാഗതവകുപ്പുമായി ആലോചിച്ച് അക്കാര്യത്തിൽ ആവശ്യമായ നടപടി സ്വീകരിക്കാം.

*Uncorrected/Not for publication*

*14-10-2026*

*Question Hour*

<u>ശ്രീ. വി. ടി. സൂരജ്</u>: സർ, കെ.എസ്.ആർ.ടി.സി., സ്വകാര്യ സ്റ്റേജ് ഗ്യാരേജ് ബസുകൾ, റെയിൽവെ തുടങ്ങിയ പൊതുഗതാഗത സംവിധാനങ്ങളിൽ യാത്രായിളവുകൾ ലഭ്യമാക്കുന്നതിന് വ്യത്യസ്ത തിരിച്ചറിയൽ കാർഡുകൾ, യാത്രാ പാസ്സുകൾ എന്നിവ ഹാജരാക്കേണ്ട സാഹചര്യം നിലവിലുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത നടപടികൾ ലഘൂകരിച്ച് ഭിന്നശേഷി സർട്ടിഫിക്കറ്റിനും തിരിച്ചറിയലിനും ഉപയോഗിക്കുന്ന യു.ഡി.ഐ.ഡി. കാർഡ് ഏകീകൃത രേഖയായി അംഗീകരിച്ച് അർഹരായ ഭിന്നശേഷിക്കാർക്ക് യാത്രാ ഇളവുകൾ ലഭ്യമാക്കുന്നതിനും പ്രത്യേക കാർഡുകളും പാസ്സുകളും ആവശ്യപ്പെടുന്ന സാഹചര്യം ഒഴിവാക്കാനും നടപടി സ്വീകരിക്കുമോ?

<u>ശ്രീ. വി. ഇ. അബ്ദുൽ ഗഫൂർ</u>: സർ, ബഹുമാനപ്പെട്ട അംഗം ഉന്നയിച്ച കാര്യം പരിശോധിക്കാം. യു.ഡി.ഐ.ഡി. കാർഡ് അത്തരം ആനുകൂല്യങ്ങൾക്ക് ഉപയോഗിക്കാൻ കഴിയുമോ എന്നത് പരിശോധിക്കാം.

<u>ശ്രീ. സി. കെ. കാസിം</u>: സർ, ഭിന്നശേഷി കുഞ്ഞുങ്ങളുള്ള വീടുകളിൽ അവരെ നോക്കുന്നതിനുമാത്രമായി അമ്മമാർ സമയം ചെലവഴിക്കുന്ന

സാഹചര്യത്തിൽ, ആ കുട്ടികളെ സ്കൂളിലേക്ക് അയക്കുമ്പോൾ അവർക്ക് സർക്കാർ നൽകുന്ന ഗ്രാന്റ് വളരെ കുറവാണ്. ആ കുട്ടികളുടെ ഗ്രാന്റ് വർധിപ്പിക്കുന്നതോടൊപ്പം അവരെ പഠിപ്പിക്കുന്ന വിവിധ അൺഎയ്ഡഡ് സ്കൂളുകളിലെ അധ്യാപകർക്കുള്ള ശമ്പളം സർക്കാർ തലത്തിൽ വർധിപ്പിച്ചു നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

<u>ശ്രീ. വി. ഇ. അബ്ദുൽ ഗഫൂർ</u>: സർ, സാമ്പത്തിക ബാധ്യത വരുന്ന കാര്യമായതിനാൽ അക്കാര്യം പരിശോധിച്ച് തീരുമാനമെടുക്കാം.

(ചോദ്യോത്തര സമയം കഴിഞ്ഞു)